ശ്രീ. ഇ. പി. ഗോപാലൻ : ഇതൊരു ഡിസ്ക്കഷൻ ആണോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : അല്ല.

ശ്രീ. കെ. റ്റി. തോമസ് : എനിക്കു ഒരു ക്ലെഴ്സണൽ എക്സ്പ്ലനേഷൻ നൽകാനുണ്ട്.

Mr. Speaker : Nothing has been said against you. These are only counter assertions to counter-assertions. If it is to go on like this I don't think it is possible to continue the business of the House. തഹസീൽദാർ പറഞ്ഞുവെന്നാണ് പറഞ്ഞത്. തഹസീൽദാർ പറഞ്ഞതു; തെറ്റാണോ എന്നറിയാൻ അദ്ദേഹം ജീവിച്ചിരിപ്പില്ല.

ശ്രീ. പി. ടി. ചാക്കോ : അതിന്റെ പുറകിൽ കെ. റ്റി. തോമസ്സും ഉണ്ടെന്നാണ് പറഞ്ഞതു. I was closely listening to what the Revenue Minister was saying. The Revenue Minister stated that the Tahsildar could not execute the stay order because important personalities like Shri K. T. Thomas were behind it. It was what the Tahsildar reported. അതു് തെറ്റാണെന്നോ ശരിയാണെന്നോ തീരുമാനിച്ചുകൊള്ളുക.

ശ്രീ. കെ. റ്റി. തോമസ് : ഞാൻ ആ പ്രസ്താവനയെ നിഷേധിക്കുകയാണ്. അങ്ങനെ ഒരു റിപ്പോർട്ടുണ്ടെങ്കിൽ മേശപ്പുറത്തു വയ്ക്കാൻ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു് ആവശ്യപ്പെടുന്നു.

Mr. Speaker: Order, order. In view of the statement given by the Minister that necessary steps will be taken to improve the situation and that the matter is being further enquired into I disallow the motion.

I am in receipt of two notices under Rule 66 from Messrs. T. Krishnan and Avukaderkutty Naha. As they are not of sufficient importance I disallow them.

LEGISLATIVE BUSINESS.

The Kerala Agrarian Relations Bill, 1957. Consideration of (*Contd.*)

(The number within brackets shown against the amendments denotes the number in the list of amendments.)

Mr. Speaker : Yesterday, we were at Clause 2, sub-clause (36). The amendment (No. 169) moved by Shri P. T. Chacko was put to vote and declared lost.

The amendment (No. 170) moved by Shri E. P. Poulose was withdrawn with the leave of the House.

The amendment (No, 171) moved by Smt. Rosamma Punnoose was withdrawn with the leave of the House.

The amendment (No. 172) moved by Shri C. Kunhikrishnan Nair was put and lost.

LIBRARY ARCHIVES Kerala Legislative Assembly

The amendment (No. 173) moved by Shri P. M. Kunhiraman Nambiar was put and lost.

The amendment (No. 175) moved by Shri M. Umesh Rao was put and lost.

The amendment (No. 177) moved by Shri P. M. Kunhiraman Nambiar was put and lost.

The amendment (No. 180) moved by Shri N. K. Kunjukrishnan Nair was put and lost.

Shri E. P. Poulose : I move : (Amendment No. 186)

In sub-clause (37) omit the word 'licensee' and also omit the words 'or kumri or punom cultivator'. I have also tabled another amendment which is consequential to this amendment, that is to delete sub-clause (40) of clause 2. My suggestion is that here also punom or Kumri cultivator need not be considered to be in possession of the holding. So also I do not know why licensees of all kinds need be considered to be in possession of the property, in regard to which they exercise the right of license only. License is only permissive possession and in all the rulings of the High Courts, it has been held again and again that licensee has no right of possession of the holding. The possession continues in the owner of the property and licensee is there with the permission of the owner for a limited time for a limited purpose. So, it is not necessary to give a very wide application to the word 'licensee'.

In regard to punom and kumri cultivation, it is only cultivated once in four years. Every year the area under cultivation is shifted from place to place so that there is no permanent occupation of any identifiable plot for a period of three years.

Mr. Speaker : Order, order. We have to correct a technical error because this House unanimously adopted the Business Advisory Committee's report in regard to the clause by clause discussion of the Bill. Now, today is 6th May. We have yesterday decided to extend the time. That has to be regularised. I hope the House will agree to the extension of time for the clause by clause discussion of the Bill.

Shri P. T. Chacko : Yes. We agree.

(The House signified its concurrence.)

Mr. Speaker : The time is extended.

Shri R. Raghava Menon : I move : (No. 187)

In clause 2 (37), delete 'Odacharthudar or kumri or punom cultivator'. The Odacharthudar by his every nature is only a licensee. 'Possession' is something more than a licensee for a particular purpose. A man can be said to have legal possession only when he has got complete possession and complete control. So to a kumri or a punom cultivator is not actually given the possession of the land, but he is only allowed to raise the crop.

LIBRARY ARCHIVES Kerala Legislative Assembly

[Shri R. Raghava Menon]

The Odacharthudar's business is to cut the bamboo and *ipso facto* when that business is over, his possession is over and he has no more right to remain there further. In the case of a licensee like odacharthudar, punom cultivator or kumri cultivator, he does not get any possession at all. He is allowed to go there to do the business that is specifically allowed. There is nothing to be returned. No possession to be returned. He has only the ethereal right simply to go and do the specific act he is allowed to do. There is no necessity to include odacharthudar or kumri or punom cultivator under the definition 'possession'. Our legislation should have general meaning. It must not be specifically used for specific purposes.

ശ്രീമതി കെ. ആർ. ഗൗരി : സർ, 37–ാം വകുപ്പ്, "possession in relation to land includes occupation of land by a varomdar, licensee, odacharthudar or kumri or punom cultivator" എന്നാണ്. ആ ഡെഫനിഷനിൽ കൊടുത്തിരിക്കുന്നുതന്നെ വാരംദാർ, ലൈസൻസി, ഒടച്ചാർത്തുദാർ, പുനം കൃഷിവാറർ ഇവരെല്ലാം ഉൾപ്പെടുന്നതിനു വേണ്ടിയാണ്. വെറുതെയുള്ള ഒരു ലൈസൻസി ഓൺസ്ഹർ അഥവാ പ്രോപ്പർട്ടി അകംറം അനുസരിച്ചുവരുന്ന ഒരു ലൈസൻസിയാണ്. അവർക്കും പൊസഷൻ ആൻഡ് ആക്യുപ്പേഷൻ ഉണ്ടായിരിക്കണമെന്നുള്ളതാണ് ഈ ഡഫനിഷൻ കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. അതിനാൽ, odacharthudar, or kumri or punom cultivator" എന്നിവ നീക്കം ചെയ്യണമെന്നുള്ള ഈ ഭേദഗതി അംഗീകരിക്കാൻ നിവൃത്തിയില്ല. വാരംദാരെപ്പറ്റി പറയുകയാണെങ്കിൽ, "varomdar means a person who cultivates under a varom agreement" എന്നാണ് പറയുന്നത്. ആ നിശ്ചയവും മാറാൻ നിവൃത്തിയില്ല. അതിനാൽ ഈ രണ്ടു ഭേദഗതികളും സ്വീകരിക്കാൻ സാധ്യമല്ലാതെയാണിരിക്കുന്നത്.

The Amendment (No. 186) moved by Shri E. P. Poulose was put and lost.

The Amendment (No. 187) moved by Shri R. Raghava Menon was put and lost.

Shri E. Chandrasekharan Nair : I move : In clause 2 (39), add the following after 'the Government', the words "and declared as such under this Act by notification in the Gazette". The intention of this bill is to give tenancy right to those persons who are in occupation of private forest lands. Several representations of tenants who are in occupation of the private forests were received by the Select Committee at its sittings in the Malabar area. In Attapadi there is a very flourishing town. The tenants in those areas represented that they have got no right of possession. It is necessary that such areas should be given protection. At the same time some restriction should be imposed. If all cultivators in private forests are given fixity of tenure and right of purchase, all the private forest lands would be demolished. So it is only fair to give fixity of tenure and right of purchase only to those persons who are continuously in occupation of the lands which are suitable for cultivation alone, and who have been in continuous possession for a long period and have effected substantial improvements in the land.

LIBRARY ARCHIVES Kerala Legislative Assembly

Shri K. Chandrasekharan: I oppose the amendment suggested by hon. Shri Chandrasekharan Nair. I shall be very brief. I should like to point out to the House that practically all the arguments advanced by the Opposition benches with respect to Clause 2 sub-clause 36, touching the definition of the word "plantation" may be repeated in regard to this provision also. I may also state, Sir, that in any case the limit that is sought to be put on the definition of the word "Private forests" need not come at this stage; if at all, it should come only at a later stage when we actually deal with Private forests or cultivatable areas in the forests. This is only after all a general definition of "Private forests". In the general definition of Private Forests no limitation and conditions need be imposed.

Shri E. P. Poulose: The addition to this sub-clause, though it may be seen apparently innocent, might occasion much mischief in its actual application. Yesterday we discussed the advisability of conferring power upon Government to declare any category of crops as plantation so as to exempt from ceiling. Here, the suggestion is that Government is empowered to declare any land as a private forest by notification in the Gazette. Now only cultivated areas of private forests will be considered for the purpose of conferring the rights of tenancy. For the rest private forests will be exempted from the operation of ceiling. Yesterday we decided that certain category of crops should be exempted from the operations of the provisions regarding ceiling. Today, by this addition, any land as such could be exempted from ceiling by notification in the Gazette. This will be giving unlimited power to exempt any land as such from the operation of the provisions of ceiling. Section 55, sub-clause (c) reads:— "Private forests in Malabar excluding portions thereof under cultivation". By notification any land can be converted into private forests, that is to say Government are being given extraordinary powers. I oppose the amendment.

ശ്രീ. എം. നാരായണക്കുറുപ്പ്: സർ, ഈ ഭേദഗതിയുടെ ഉപയോഗം അതിന്റെ അർത്ഥം വ്യക്തമല്ല. ഇതിൽ പറഞ്ഞിരിക്കുന്നത്

"and declared as such under this Act by notification in the Gazette."

എന്നാണ്. മലബാറിലെ പ്രൈവറ്റ് ഫോറസ്റ്റിനെ സംബന്ധിച്ചിടത്തോളം, ഉള്ള കാര്യങ്ങൾ തീരുമാനിക്കുന്നത് മദ്രാസ് പ്രിസർവേഷൻ ഓഫ് പ്രൈവറ്റ ഫോറസ്റ്റ് ആക്ട്റനുസരിച്ചാണ്. പ്രിസർവേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്റ്റ് ആക്ട്റ് അനുസരിച്ച് declare ചെയ്യുന്നത് എന്ന പറയുകയാണെങ്കിൽ അർത്ഥമുണ്ട്. ഭേദഗതിയിൽ പറയുന്ന പ്രകാരമാണെങ്കിൽ അതിന്റെ അർത്ഥം വ്യക്തമല്ല. ഈ ഭേദഗതികൊണ്ടുള്ള ഉദ്ദേശം തന്നെ എന്താണെന്ന വളരെ വ്യക്തമായിട്ടില്ല. അതുകൊണ്ട് ഈ ഭേദഗതി ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ടി. എ. തൊമ്മൻ: സർ, ഈ ഭേദഗതി ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. ചന്ദ്രശേഖരൻ നായർ പ്രൈവറ്റ ഫോറസ്റ്റിന്റെ പല ഭാഗങ്ങളും ഇപ്പോഴും പ്രൈവറ്റ ഫോറസ്റ്റാണെന്നു പറയുന്നുണ്ടെങ്കിലും അതു യഥാർത്ഥത്തിൽ ഇപ്പോൾ ഫോറസ്റ്റല്ലെന്നും അതു ടെൻഷൻ പ്രദേശങ്ങളായി രൂപാന്തരപ്പെട്ടിട്ടുണ്ടെന്നും പറയുക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. എ. തൊമ്മൻ]

യുണ്ടായി. അങ്ങനെയുള്ള ഭൂമികളെ ഒഴിവാക്കണമെന്നുള്ളതാണ് ഭേദഗതിയുടെ ഉദ്ദേശം. ക്ലാസ്സ് 55 (c) യിൽ "private forests in Malabar excluding protions there of under cultivation ;"

എന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കുടിവേഷനിൽ ഇരിക്കുന്ന പ്രൈവറ്റ ഫാറസ്റ്ററിന്റെ ഭാഗങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള വ്യവസ്ഥ ഇപ്പോൾതന്നെ ബില്ലിൽ ഉണ്ട്. അതുനിലയ്ക്ക് പ്രത്യേകം ഒരു വ്യവസ്ഥ ഇതിൽചേർക്കേണ്ട ആവശ്യമില്ല. ശ്രീ. ചന്ദ്രശേഖരൻ നായരുടെ ഉദ്ദേശം കുടിവേഷനിൽ ഇരിക്കുന്ന പ്രൈവറ്റ ഫാറസ്റ്റിന്റെ ഭാഗം തന്നെ ബില്ലിന്റെ പ്രൊവിഷനിൽ വരണമെന്നാണ്. അതിനുള്ള വകുപ്പ് ഈ ബില്ലിൽ ഉണ്ട്. അതുകൊണ്ട് ഈ ഭേദഗതി ആവശ്യമില്ല.

ശ്രീ. ഇ. പി. ഗോപാലൻ : സർ, ശ്രീ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. ഏതുതരത്തിലുള്ള സ്ഥലത്തെപ്പറ്റിയാണ് ഇതിൽ ഉദ്ദേശിക്കുന്നതെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സർവ്വേ പോലും ചെയ്യാത്ത സ്ഥലങ്ങളും ധാരാളം നമ്മുടെ നാട്ടിൽ ഉണ്ട്. അങ്ങനെയുള്ള ഒരു സ്ഥലത്തു് ആളുകൾ വളരെക്കാലമായിട്ടു കയറി കൃഷിചെയ്തു പാർത്തുവരികയാണ്. റിക്കാർഡ് പ്രകാരം ആ പ്രദേശം ഇപ്പോഴും ഫാറസ്റ്റിന്റെ ഭൂമിയാണ്. എന്നാൽ യഥാർത്ഥത്തിൽ ആ സ്ഥലം ഇന്ന് നല്ല കൃഷിഭൂമിയായിത്തീർന്നിരിക്കുകയാണ്.

ശ്രീ. ഇ. പി. പയോസ് : ഇപ്പോൾ ഭേദഗതി എഴുതിയിരിക്കുന്നതിൽ അങ്ങയുടെ ഉദ്ദേശം വരുന്നുണ്ടോ ?

ശ്രീ. ഇ. പി. ഗോപാലൻ : സർവ്വേപോലും ചെയ്യാതിരിക്കുന്നസ്ഥിതിക്കും കണക്കിൽ കാടായിക്കാണുന്ന സ്ഥിതിക്കും കൃഷിയിറക്കാത്ത സ്ഥലങ്ങളാണവ എന്നു സംശയിക്കാൻ വഴിയുണ്ട്. ഇങ്ങനുള്ള കൃഷിസ്ഥലങ്ങളെ കൃഷിസ്ഥലങ്ങളായിട്ടു പ്രഖ്യാപിക്കുന്നതിനു ഗവണ്മെന്റിനധികാരം കൊടുക്കണം. ഈ പ്രകാരം കൃഷിചെയ്യുന്ന സ്ഥലങ്ങളെ ബില്ലിന്റെ പരിധിയിൽനിന്നും വിട്ടുകളയാം എന്നു വിചാരിക്കുന്നതു ശരിയല്ല. ഇത്തരത്തിൽ കൃഷിനടത്തുന്ന പല പ്രദേശങ്ങളും നമ്മുടെ നാട്ടിൽ ഉണ്ട് എന്നും അവയെക്കുടി നിയമം ബാധിക്കണമെന്നും ഉദ്ദേശമുള്ളവർക്ക് മാത്രമേ ഈ ഭേദഗതിയുടെ ആവശ്യകത എന്താണെന്നു അറിയുവാൻ സാധിക്കുകയുള്ളൂ. അട്ടപ്പാടി എന്ന സ്ഥലത്തെപ്പറ്റി ഇവിടെ പ്രസ്താവിച്ചു. എങ്ങനെയാണ് അവിടത്തെ കാടുപോയതു് എന്നുള്ളതു് നാം ഓർക്കേണ്ടതാണ്. ആളുകൾ കയറി കാടുവെട്ടി കൃഷിചെയ്തതിന്റെ ഫലമായിട്ടാണ് ആ പ്രദേശം ഇന്ന് ഒരു കാർഷിക പ്രദേശമായിത്തീർന്നിരിക്കുന്നതു്. ഇങ്ങനെയുള്ള ഭൂമികളെ ഒഴിവാക്കണം എന്നു പറയുന്നതു കഷ്ടമാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : മിസ്റ്റർ കുണാരൻ കൊടുത്തിരുന്ന ഭേദഗതി എടുക്കുകയാണെങ്കിൽ അതു് ഇതിനെക്കാൾ കുറെക്കുടി നല്ലതായിരിക്കുകയില്ലേ ?

ശ്രീ. ഇ. പി. ഗോപാലൻ : മിസ്റ്റർ കുണാരന്റെ ഭേദഗതിയെക്കാൾ നല്ലതു് മിസ്റ്റർ ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയാണെന്നു് കരുതിയതുകൊണ്ടാണ് അതു് അവതരിപ്പിച്ചതു്.

ഇതിൽ "declared as such under this Act by notification in the Gazette."

എന്നു പറയുന്നു. മദ്രാസ് റിസർവേഷൻ ആഫ് പ്രൈവറ്റ ഫാറസ്റ്റ് ആക്റ്റപ്രകാരം ഗവണ്മെന്റിനു ചില അധികാരങ്ങളുണ്ട്. മേൽ പറഞ്ഞ ഭേദഗതിയനുസരിച്ചുള്ള അധികാരം ഗവണ്മെന്റിനു് കൊടുക്കുന്നതുകൊണ്ട് എന്താണ് വൈഷമ്യമെന്നു് എനിക്ക് മനസ്സിലാകുന്നില്ല. മുൻ വിവരിച്ച കാരണങ്ങളാൽ ഇങ്ങനെ ഒരു വകുപ്പു് ആവശ്യമാണ്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ് : സർ, ശ്രീ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയെ ഞാൻ എതിർക്കുകയാണു്. മിസ്റ്റർ ഇ. പി. ഗോപാലമേനോന്റെ വാദഗതികൾ കേട്ടിട്ടും ഈ ഭേദഗതിയിലെ യുക്തി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രൈവറ്റ് ഫോറസ്റ്റിനെ ഒഴിവാക്കരുതെന്നു പറഞ്ഞിട്ടില്ല. 55-ാം സെക്ഷനിൽ അതു ഒഴിവാക്കിയിരിക്കുകയാണു്. ഏതെങ്കിലും ഒരു വനം സ്വകാര്യവനമാണെന്നു പ്രഖ്യാപിക്കുവാൻ ഗവണ്മെന്റിനു അധികാരമുണ്ടെന്നു ശ്രീ. ഇ. പി. ഗോപാലനും, ശ്രീ. ചന്ദ്രശേഖരൻ നായരും പറഞ്ഞതിൽ ചില ബുദ്ധിമുട്ടുകളുണ്ടു്. അതിനു് ഈ 55-ാം സെക്ഷൻ മതിയാകുന്നതല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സെക്ഷൻ 55-ൽ പ്രൈവറ്റ് ഫോറസ്റ്റുകൾ ഒഴിവാക്കിയിരിക്കുകയാണു്.

ശ്രീ. കെ. ചന്ദ്രശേഖരൻ : സെക്ഷൻ 55 (സി) യിൽ പറഞ്ഞിട്ടുള്ളതുപ്രകാരമാണെങ്കിൽ.....

ശ്രീ. ഇ. പി. ഗോപാലൻ : 55 (സി) യിൽ പറഞ്ഞിട്ടുള്ളതുപോലെ ഏതാണു് കൃഷിഭൂമി, ഏതാണു് കൃഷിഭൂമിയല്ലാത്തതു എന്നു തീരുമാനമെടുക്കണമെങ്കിൽ ഈ മാതിരി ഒരു ഭേദഗതി ആവശ്യമാണു്.

ശ്രീ. കെ. എം. ജോർജ്ജ് : ഉടമസ്ഥാവകാശം കൊടുക്കുവാൻ സാധ്യമല്ലെന്നു പറയുന്നതു എനിക്കു മനസ്സിലാകുന്നില്ല. മറ്റൊരു കുടിയായ്മ അവകാശം കൂടിയാണു കൊടുക്കേണ്ടതായ യാതൊരാവശ്യവും ഇല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പ്രൈവറ്റ് ഫോറസ്റ്റിൽ എവിടെ കൃഷിചെയ്താലും അവിടെയൊക്കെ കുടിയായ്മ അവകാശം കൊടുക്കണമെന്നാണോ പറയുന്നതു്?

ശ്രീ. കെ. എം. ജോർജ്ജ് : ശ്രീമാൻ ചന്ദ്രശേഖരൻ നായരുടെ ഭേദഗതി സ്വീകരിച്ചാൽ മലബാറിലും തിരുവിതാംകൂർ-കൊച്ചിയിലും ഇല്ലാത്ത ഒരു കാര്യം ചെയ്യാൻ ഗവണ്മെന്റിനു അധികാരം കൊടുക്കുന്നുവെന്നല്ലാതെ വേറെ ഒന്നും ഉണ്ടാകുവാൻ പോകുന്നില്ല. ഇങ്ങനെ എല്ലാ അധികാരങ്ങളും ഗവണ്മെന്റിനു കൊടുക്കേണ്ട യാതൊരാവശ്യവും ഇല്ല. അതുകൊണ്ടു് മിസ്റ്റർ ചന്ദ്രശേഖരൻ നായർ അദ്ദേഹത്തിന്റെ ഭേദഗതി പിൻവലിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊണ്ടു് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

Shri R. Raghava Menon: The amendment by Mr. Chandrasekharan Nair will only create trouble to the owners in Malabar who own only a few acres of forests. They are people who have got rearing forests. By this definition Government have got to make a declaration. That is unnecessary for the reason that whatever is cultivated will not be a forest. There is no doubt about it. It may or may not be surveyed. There are surveyed and non-surveyed areas. When they begin to cultivate there are a number of authorities to report about it. There are the *Amsom Athikaries*. They have got records. Whenever a crop is raised, that is assessed. In most cases the crops are assessed by the village officers. So, there will not be any difficulty for the Government to know what areas are cultivated. What is cultivated comes under the clause for ceiling purposes. So no further notification is necessary. It creates a lot of trouble. If one wants to sell the land the question will be asked 'have you got the notification'. That will be the first question. Under the Madras Preservation of Forests Act, they have to get the Collector's permission. Permission is necessary even to sell a

LIBRARY ARCHIVES Kerala Legislative Assembly

[Shri R. Raghava Menon]

small bit of land. Then the cultivator will have to come all the way to Trivandrum. They will be put to all sorts of trouble. Afterall their property may be only 2 or 3 acres which may bring in only a small amount of money. Why should we complicate legislation ? In Malabar there are no forests owned by Government. All forests are owned by private persons. And they are not very rich. They are very poor. This is a thing which is not at all necessary. That is going against the law. That is also unnecessary. They cannot plant all this land over-night. Only reasonable amendments should be accepted. There is no purpose in this amendment.

ശ്രീ. സി. എച്ച്. കണാരൻ : ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു. കാടായി കിടക്കുന്ന ഭൂമി കൈയ്യേറിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണ് ഇന്നുള്ളത്. സ്വകാര്യ വനങ്ങളുടെ സംരക്ഷണത്തിനു നാം ഏതു ശ്രമിച്ചാലും നടക്കുന്നില്ല. അതുകൊണ്ട് കൃഷിനടത്തുന്ന ഫാമുസിനു ഇതിൽ ചെയ്യുന്നില്ല എന്നുവരണമെങ്കിൽ ശ്രീമാൻ ചന്ദ്രശേഖരൻ നായർ കൊണ്ടുവന്ന ഭേദഗതിയിൽ പറയുന്നതുപോലെ ഗവണ്മെന്റ് നോട്ടിഫൈ ചെയ്യുന്നത് ആവശ്യമുണ്ട്. റവന്യൂ റെക്കാർഡുകളും നോക്കുകയാണെങ്കിൽ ആ കാര്യങ്ങളെല്ലാം കാടായിട്ടു തന്നെ കാണും. എന്നാൽ ആ കാട്ടുഭൂമികളെല്ലാം ഇന്നു നാട്ടിൻപുറങ്ങളായും വലിയ ജനസംഖ്യയുള്ള പ്രദേശങ്ങളായും മാറിയിട്ടുണ്ട്. അതിനു ഇവിടെ പല ഉദാഹരണങ്ങളുമുണ്ട്. മലബാറിൽ കുറിയാടി എന്ന സ്ഥലം ഇപ്പോൾ നോക്കിയതിൽ കാടായിട്ടാണ് മനസ്സിലാക്കാൻ സാധിച്ചത്. എന്നാൽ വാസ്തവത്തിൽ അവിടെ കാടില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഈ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ ക്ലോസ്സ് 55-ൽ ഒരു ഭേദഗതി കൊണ്ടുവരേണ്ടതായി വരും.

ശ്രീ. സി. എച്ച്. കണാരൻ : അതിനെപ്പറ്റി ഇപ്പോൾ നിശ്ചയിക്കാൻ വയ്യ. മാത്രമല്ല, അനേകം ഭേദഗതികളും ഇവിടെ കൊണ്ടുവരുന്നതിനു അവസരം കിട്ടുന്നതുമുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഇപ്പോൾ പ്രൈവറ്റ് ഫാറസ്റ്റായി എത്ര സ്ഥലമുണ്ടെന്നു തിട്ടപ്പെടുത്തുന്നതിനു എത്ര കാലതാമസവും എത്ര പണച്ചിലവും വേണ്ടിവരുമെന്നു ഗവണ്മെന്റ് കണക്കാക്കിയിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. കണാരൻ : അതു ഗവണ്മെന്റ് ചിന്തിക്കേണ്ട ഒരു കാര്യമാണ്. ഇന്നു കാടായി കിടന്നിരുന്ന പ്രദേശങ്ങളും വളരെ കൃഷി ചെയ്തു വരുന്നുണ്ട്. സർവ്വേ ചെയ്തിട്ടില്ലാത്ത ഭൂമിയിലാണ് അങ്ങനെ കൃഷിചെയ്തിട്ടുള്ളത്. ആ സ്ഥലം സർവ്വേ ചെയ്തു് അവർക്ക് പ്രയോജനപ്പെടുത്തുന്നതിനു ആവശ്യമുണ്ട്. അതുകൊണ്ടാണ് അതെല്ലാം ഗവണ്മെന്റ് നോട്ടിഫൈ ചെയ്യണമെന്നു ഞാൻ പറയുന്നത്. ഇന്നു കാടാണ്, അതിന്റെ അപ്പുറത്തു പാടമല്ല എന്നു ഒരു നോട്ടിഫിക്കേഷൻ മുഖാന്തരം തിരുമാനിക്കുന്നതു് നന്നായിരിക്കും. ഗവണ്മെന്റ് ഗസറ്റിൽ നോട്ടിഫൈ ചെയ്യുമെന്നു പറഞ്ഞാൽ എവിടെയാണ് അതിനിത്ര അസഹിഷ്ണുത ? ഒരു ഗവണ്മെന്റ് ഭരിക്കുമ്പോൾ മാത്രം ഗസറ്റ് പാടില്ല, നോട്ടിഫിക്കേഷൻ പാടില്ല, എന്നു പറയുന്നതു് അസഹിഷ്ണുത കൊണ്ടാണെന്നു് എനിക്കു് മനസ്സിലാക്കാൻ സാധിക്കും.

ശ്രീ. ടി. എ. തൊമ്മൻ : പ്രൈവറ്റ് ഫാറസ്റ്റിലെ ലൈസ്സിക്കും മറ്റു ഫാറസ്റ്റിലെ ലൈസ്സിക്കും കൊടുക്കുന്ന അവകാശങ്ങളും കൊടുക്കുന്നതു് സമ്മതമാണോ ?

ശ്രീ. സി. എച്ച്. കണാരൻ : ഇപ്പോൾ അവിടെ കൃഷിയുണ്ടെങ്കിൽ അതരം സ്ഥലങ്ങളിലെ കൃഷിക്കാർക്കു് ആ അവകാശം കൊടുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : 1,750 ചതുരശ്രനാഴിക കാട്ടണ്ട്. അതു സർവ്വേ ചെയ്യുന്നതിനു് ഗവണ്മെൻറു് തീരുമാനിക്കുകയാണെങ്കിൽ അതിനു് എത്ര കാലം പിടിക്കും ?

ശ്രീ. സി. എച്ചു്. കണാരൻ : കഴിയുന്ന വേഗത്തിൽ ചെയ്യണമെന്നാണു് എൻറെ അപേക്ഷ. തിരുവമ്പാടി മുതലായ സ്ഥലങ്ങളിൽ സർവ്വേ ചെയ്തിട്ടില്ലാത്തതാണു്. അവിടേക്കു ഗവണ്മെൻറു് ഒരു സർവ്വേ സെക്ഷനെ അയയ്ക്കാം എന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. ഹസ്സൻ ഗനി : കുറഞ്ഞതു് അഞ്ചു കൊല്ലക്കാലമെങ്കിലും പിടിക്കും എന്നറിയാമോ ?

ശ്രീ. സി. എച്ചു്. കണാരൻ : കഴിയുന്ന വേഗത്തിൽ ചെയ്യണമെന്നാണു് എൻറെ അഭിപ്രായം. അതു ശങ്കിയോടുകൂടിത്തന്നെ ഞാൻ പറയുന്നു.

ശ്രീ. ആർ. രാഘവമേനോൻ : കഴിയുന്ന വേഗത്തിൽ ചെയ്യണമെന്നു പറയുന്നു. അതു കഴിയുന്നതുവരെ വസ്തു ഉടമസ്ഥന്മാർക്കു് ഒന്നും ചെയ്യാൻ സാധിക്കുകയില്ല എന്നുള്ളതല്ലേ ഫലം ?

ശ്രീ. സി. എച്ചു്. കണാരൻ: വസ്തു ഉടമസ്ഥന്മാരേക്കാളും എപ്പോഴും കൈവശക്കാരനാണു് രക്ഷ നൽകേണ്ടതു്. ഉടമസ്ഥനെക്കാളും കൃഷി ചെയ്യുന്നവനെയാണു് നോക്കേണ്ടതു്. ഉടമസ്ഥൻ എന്തെങ്കിലും പാട്ടം വാങ്ങിക്കൊണ്ടു ഭൂമിയിൽ യാതൊന്നും ചെയ്യാതെ ജീവിക്കുന്ന ആളാണു്. അവിടെ പോയി കൃഷി ചെയ്തിരിക്കുന്നവരുടെ രക്ഷയാണു് നാം നോക്കേണ്ടതു്. അതുകൊണ്ടു് അതാണു് ഗവണ്മെൻറാലോചിക്കേണ്ടതു്".

ശ്രീമതി കുസുമം ജോസഫു് : സർ, ശ്രീ. കണാരൻ തൻറെ ഭേദഗതി അവതരിപ്പിക്കാതെ ശ്രീ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയെ അനുകൂലിച്ചതിനു പ്രധാന കാരണമായിട്ടു പറഞ്ഞതു്, പ്രൈവറു ഫാറസ്റ്റുകളിലും, ഗവണ്മെൻറു ഫാറസ്റ്റുകളിലും അളകൂടം ധാരാളമായി കയ്യേറ്റം നടത്തുന്നു; അതിനെ തടയാൻ ഉപകാരപ്രദമാണു് ഈ ഭേദഗതി എന്നാണു്. പക്ഷേ, എനിക്കു പറയാനുള്ളതു്, ഇവിടെ ഇപ്പോൾ നടന്ന ചോദ്യോത്തരത്തിൽ വ്യക്തമായതുപോലെ പ്രൈവറു ഫാറസ്റ്റുകൾ സർവ്വേ നടത്തി ഗവണ്മെൻറു ഫാറസ്റ്റായി ഡിക്ലയർ ചെയ്യണമെങ്കിൽ വർഷങ്ങളും പലതും കഴിയും ; അപ്പോഴേക്കും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കയ്യേറ്റങ്ങളും തടയാൻ നിവൃത്തിയില്ലാതെ വരുമെന്നു പറഞ്ഞതുപോലെ, പ്രൈവറു ഫാറസ്റ്റുകളും അളകൂടം കയ്യേറുന്ന ഒരു ദുരവസ്ഥയുണ്ടാകും.

10. A. M.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കൃഷിചെയ്യുന്ന എല്ലാ പ്രൈവറു ഫാറസ്റ്റുകളും ഗവണ്മെൻറിൽ നിന്നും എടുക്കുകയാണെങ്കിൽ അതെല്ലാം അളന്നു തിട്ടപ്പെടുത്തുന്നതിനും കാലതാമസം വരികയില്ലേ ?

ശ്രീമതി കുസുമം ജോസഫു് : അതു മറ്റതിനെക്കാളും എളുപ്പമായിരിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. സർ, ഇപ്പോൾ കൃഷിക്കാരുടെ കൈവശം ഇരിക്കുന്നതും, കൃഷി ചെയ്യുവരുന്നതുമായ ഭൂമി മാത്രം തിരിച്ചു നികുതി യിട്ടു് ശ്രീ. ചന്ദ്രശേഖരൻ നായർ പറയുന്നതുപോലെ ഒരു അമെൻഡുമെൻറു സ്വീകരിക്കുന്നതു് ശരിയായിരിക്കുകയില്ല എന്നാണു് എൻറെ അഭിപ്രായം. പ്രൈവറു ഫാറസ്റ്റുറു എന്ന നിലയിൽ നോട്ടിഫൈ ചെയ്യൽ അതുമൂലം വളരെയധികം പ്രയാസങ്ങളും നേരിടുന്നതാണു്. മാത്രമല്ല, ഗവണ്മെൻറു് ആ അധികാരം ദുർവിനിയോഗം ചെയ്യാനുള്ള പഴുതുകളുമുണ്ടു്. ഇങ്ങനെയൊരു നിയമം ഉണ്ടാക്കുന്നതു തീരെ ശരിയായ ഒരു നടപടിയല്ല. പ്രൈവറു ഫാറസ്റ്റുറു കൈവശം വച്ചു കൃഷിചെയ്യുന്നവരുടെ കയ്യിൽ നിന്നും അതെടുക്കുന്നതിനുള്ള ഭേദഗതിയെ ഞാൻ എതിർക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : മിസ്റ്റർ ചന്ദ്രശേഖരൻ നായർ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണു്. അതിനു് വിപരീതമായി മൂന്നു സംഗതികളാണു് ഇവിടെ പറഞ്ഞുകേട്ടതു്. ഒന്നു്, ഗവണ്മെൻറിനു് നോട്ടിഫൈ ചെയ്യാനുള്ള അധികാരം കൊടുക്കുകയാണെങ്കിൽ ഗവണ്മെൻറു് അതു ദുർവിനിയോഗം ചെയ്യും ; രണ്ടാമതു്, സീലിംഗു് നിശ്ചയിച്ചിട്ടു് കൂടിവഖിം ഏരിയയായി ഭൂമി നിശ്ചയിക്കുന്നതു ശരിയല്ല ; മൂന്നാമതു് ഇതെല്ലാം സർവ്വേനടത്തി പ്രയോഗത്തിൽ വരുത്താൻ കാലതാമസം ഉണ്ടാകും, ഇങ്ങനെ മൂന്നുകാര്യമാണു് പറഞ്ഞതു്. സർ, ഇതിൽ പറഞ്ഞിരിക്കുന്നതു്

"Private forests" means forests other than those belonging to the Government."

എന്നാണു് : ഭേദഗതി ചെയ്തപ്രകാരം വായിക്കുമ്പോൾ :

"and declared as such under this Act by notification in the Gazette"

എന്നുവരും. ശ്രീ. കുറുപ്പു പറയുകയുണ്ടായി ഫോറസ്റ്റു് ഡിക്ലയർ ചെയ്യാനുള്ള നിയമം മദ്രാസു് ഫോറസ്റ്റു് അക്ടിലാണെന്നു്. പ്രൈവറ്റു് ഫോറസ്റ്റു് അക്ടുപ്രകാരം ഡിക്ലയർ ചെയ്യുകയാണെങ്കിൽ, പ്രൈവറ്റു് ഫോറസ്റ്റു് എന്നുള്ളതിൻറെ ധാത്പര്യത്തിൽ കുറെ ബുദ്ധിമുട്ടുണ്ടാകും. പ്രൈവറ്റു ഫോറസ്റ്റു് എന്നു പറഞ്ഞാൽ, അതു രണ്ടു് ഏക്കർ ഉണ്ടായിരിക്കണം ; അതിനിടയിൽ മരമൊന്നും ഉണ്ടായിരിക്കരുതു് അങ്ങനെയെല്ലാം ചില ബുദ്ധിമുട്ടുകളും ഉണ്ടു്. രണ്ടാമതു് പ്രൈവറ്റു് ഫോറസ്റ്റു് area യിൽ കൃഷിചെയ്യുന്നവരെ കൂടുതൽ കർഷകർക്കു് രക്ഷ കൊടുക്കുകയും, അതോടൊപ്പം, കർഷകർ കൂടുതൽ പ്രൈവറ്റു് ഫോറസ്റ്റു് നശിപ്പിക്കത്തക്കവിധത്തിൽ സഹകരിക്കുകയും കൊടുക്കാതിരിക്കുകയും ചെയ്യണം. ഇതെല്ലാം ഉദ്ദേശങ്ങളും മുൻനിർത്തി ഇന്നത്തെ നിലയിൽ ഏറ്റവും വേഗമായും, കാര്യക്ഷമമായി നടപ്പിലാക്കുവാനും നല്ല നിർവ്വചനം മിസ്റ്റർ ചന്ദ്രശേഖരൻ നായരുടേതാണു്. ഇതു പറയുമ്പോൾ ഗവണ്മെൻറു് ഈ അധികാരം ദുരുപയോഗപ്പെടുത്തുമെന്നും, ഒരുദിവസം നേരം വെളുക്കുമ്പോൾ തിരുവിതാംകൂറിലേക്കും ഇതു വ്യാപിപ്പിക്കുമെന്നും പറയുന്നതു ശരിയല്ല. സർ, ഈ നിർവ്വചനംകൊണ്ടു് തിരുവിതാംകൂർ-കൊച്ചിയിലേക്കു ബുദ്ധിമുട്ടുണ്ടാകുകയില്ല. കാരണം :

"private forests means forests other than those belonging to the Government *and* declared as such under this Act by notification in the Gazette."

'ഓർ' എന്നല്ല, 'ആൻഡു്' എന്നാണു്. ആ നിലയിൽ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തു പ്രൈവറ്റു ഫോറസ്റ്റു് ഇല്ല ; നിയമം ബാധിപ്പിക്കും എന്നും സംശയിക്കയും വേണ്ട. അങ്ങനെ പേടിക്കേണ്ട ആവശ്യമില്ല. രണ്ടാമതു ഒരുഭാഗം കൂടിവഖിം ഏരിയാ എന്നു പറഞ്ഞാൽ മറെറാരു കുഴപ്പം ഉണ്ടാകാൻ ഇടയുണ്ടു്. ഉദാഹരണം പറയാം : നിലമ്പൂർ ഫോറസ്റ്റു് അളക്കുന്നതിനു് ഗവണ്മെൻറു നിശ്ചയിച്ച കുറെ സ്ഥലം ഫോറസ്റ്റുകാർ കൂടിവേക്ഷൻ ഏരിയ ആയിട്ടു് അളന്നു കല്ലിട്ടു് തിരിച്ചിരിക്കുകയാണു്. ഇതിനുശേഷം ഈ രണ്ടുമാസത്തിൽ, ഏകദേശം ഒരു മൈലോളം ഉള്ളിലേക്കു് ആളുകൾ കടന്നു് വനം കയ്യേറിയിരിക്കുകയാണു്. ആ സ്ഥലം കൂടിവഖിമാണെന്നു് പറഞ്ഞു് എന്തെങ്കിലും കുറെ വിത്തു വിതച്ചതിനുശേഷം കൈവശാവകാശം പറയും. അങ്ങനെയായാൽ വനം സംരക്ഷിക്കാനുള്ള നടപടികൾ വിജയിക്കുകയില്ല. നമ്മുടെ വനം ഇല്ലാതെയും വരും. കൂടിവഖിം ഏരിയ സർവ്വേനടത്താനും, ഡിമാർക്കേറു് ചെയ്യാനും മറും ഡിപ്പാർട്ടുമെൻറു് ഉദ്യോഗസ്ഥന്മാർ വേണം. ഇതിൽ ഗവണ്മെൻറിനു് ചെയ്യാവുന്നതെല്ലാം ചെയ്യാം. അങ്ങനെ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് സർവ്വേനടത്താനും വിരോധമില്ല. പക്ഷേ, ഇവിടെ പറഞ്ഞുകേട്ട അഭിപ്രായങ്ങളിൽ നിന്നും ഒന്നു മനസ്സിലാകുന്നതു് ഈ ഗവ

LIBRARY ARCHIVES Kerala Legislative Assembly

ണ്മെന്റിനു അധികാരം കൊടുക്കുവാൻ പാടില്ല എന്ന മനോഭാവമാണു്. ഗവ ണ്മെന്റിന്റെ എല്ലാനടപടികളെയും എതിർക്കുന്ന ഈ മനഃസ്ഥിതി നല്ലതല്ല. നോട്ടിഫൈ ചെയ്യുന്നതിനു ഗവണ്മെന്റിനു് നൽകുന്ന അധികാരത്തെ എതിർക്കണമെന്നുള്ള ഒരൊറ്റ കാരണംകൊണ്ടാണു് എതിർക്കുന്നതായി മനസ്സിലായതു്. നിയമം നടപ്പിലാക്കാൻ ചില അധികാരങ്ങൾ ഗവണ്മെന്റിൽ നിക്ഷിപ്തമായിട്ടു വേണ്ടിവരും. ഈ ഗവണ്മെൻറിനല്ല എല്ലാഗവണ്മെൻറിനും കാണും. ഇതു എതിർത്തിട്ടുകാര്യമില്ല.

സർ, ഇന്നു കാലത്തു് നടന്ന ചോദ്യോത്തരവേളയിൽ അട്ടപ്പാടിയിലെ വനത്തെപ്പറ്റി പറഞ്ഞു. വളരെ കൂടുതൽ ആളുകൾ അവിടത്തെ പ്രൈവറ്റ് വനത്തിൽ കൈയ്യേറിയിരിക്കുകയാണു്. 'യഥാർത്ഥത്തിൽ കൃഷി ചെയ്യുന്നവരും അക്രമമായി കൈയ്യേറിയവരും അവിടെയുണ്ടു്. കോഴിക്കോട്ടും ഇതുപോലുള്ള കയ്യേറ്റങ്ങൾ ഉണ്ടായിട്ടുണ്ടു്. ഫോറസ്റ്റ് സംരക്ഷിക്കുന്നതിനു് ഇത്തരം കയ്യേറ്റങ്ങളെ തടയാതെ നിവൃത്തിയില്ല. അതിൽ 'അർഹതയുള്ള കൃഷിക്കാർക്കു് സ്ഥലം കൊടുക്കുക, അല്ലാത്തവരെ ഇറക്കിവിടുക എന്ന നയം സ്വീകരിക്കാതെ തരമില്ല. സർവ്വേ കഴിഞ്ഞതിനുശേഷമേ നോട്ടിഫൈ ചെയ്യാൻ സാധിക്കൂ എന്നുപറയുന്നതു ഞാൻ വിശ്വസിക്കുന്നില്ല. നിയമപ്രകാരം സർവ്വേ നടത്തി പ്രൈവറ്റ് ഫോറസ്റ്റ് ഡിക്ലയർ ചെയ്യുന്നതിനു് താമസം വന്നേക്കാം. സർവ്വേക്കു് ആവശ്യമായ ചില മിഷനറീസ് നമുക്കു കിട്ടാൻ പ്രയാസമുണ്ടു്. സ്റ്റാഫിനെ കൂടുതൽ നിയമിച്ചാലും മിഷനറീസിന്റെ കുറവുകൊണ്ടു് ബുദ്ധിമുട്ടുണ്ടാകും. അതുമുഴുവൻ കാലം വരെ താമസിക്കേണ്ടതില്ല. ഈ അതോറിറ്റി നടപ്പിൽ വരുന്നതിനു് പ്രസിഡണ്ടിന്റെ അനുമതി ലഭിക്കണം. റൂൾസുണ്ടാകണം. അതിനകം മേൽ പറഞ്ഞ പ്രോലികളും പൂർത്തിയാക്കാൻ സാധിക്കും. രാജ്യത്തിന്റെ താൽപ്പര്യത്തിനു വേണ്ടി, കർഷകരുടെ രക്ഷയ്ക്കുവേണ്ടി ഈ ഗവണ്മെൻറ് പ്രസ്തുത അധികാരത്തെ വിനിയോഗിക്കുകയല്ലാതെ ഉപയോഗിക്കുകയല്ല എന്ന സത്യം് ഉറപ്പു നൽകുന്നതോടൊപ്പം ഞാൻ ഭേദഗതിയെ അനുകൂലിക്കുകയാണു്; അതു സ്വീകരിക്കുകയാണു്.

The following amendment (No. 188) of Shri E. Chandrasekharan Nair was put and carried.

In clause 2(39) add the following words at the end "and declared as such under this Act by notification in the Gazette".

Shri M. Narayana Kurup : Sir, I move :

(No. 191) In clause 2 sub-clause (40), definition of 'Punam' or 'Kumri cultivation' delete the words 'in Malabar' at the end : and

(No. 192) In clause 2 (40) (i), delete the words "In Malabar" at the end.

സർ, ഇതിന്റെ ഉദ്ദേശം ഞാൻ മുൻപു് പറഞ്ഞതാണു്. മലബാറിലെ കർഷകർക്കു കിട്ടുന്ന ആനുകൂല്യങ്ങൾ എല്ലാം ഈ ഭാഗത്തുള്ളവർക്കും കിട്ടണമെന്നാണു് ഇതുകൊണ്ടുദ്ദേശിക്കുന്നതു്. 'ഇൻ മലബാർ' എന്ന ഭാഗം എടുത്തുകളയണം.

മി. സ്പീക്കർ : ഇങ്ങനെയുള്ള കൺട്രിവേഷൻ (കുമ്രി) ഇവിടെ ഇല്ലെന്നാണു് പറയുന്നതു്.

Shri M. Narayana Kurup : We cannot say for certain that there is no fugitive cultivation in other areas. 'Punam' or 'kumri' may be the name for such cultivation in Malabar; in South Kanara it may be one name and here it may be another. So, I commend my amendments for acceptance.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Smt. Gouri, what do you say regarding this amendment? Shri Kurup wants the deletion of the words 'in Malabar' from sub-clause 2 (40).

Shri E. Chandrasekharan Nair: Sir, there are other amendments also for that sub-clause. They may also be moved, before the Minister replies.

Mr. Speaker: Yes. Amendment No. 193 is from Shri R. Raghava Menon.

Shri R. Raghava Menon: Sir, I move: (193) In clause 2, sub-clause (40) delete (ii).

Mr. Speaker: Shri E. P. Poulose's amendment No. 194 is to the same effect. Smt. Gouri may move her amendment (No. 195).

Smt. K. R. Gouri: Sir, I move: (No. 195) In sub-clause (40) for the word 'waste', the word 'Tharisu' shall be substituted. 'Tharisu' is the word used in the definitions. That is the reason why I want that change.

Mr. Speaker: Now, Shri K. Chandrasekharan will move his amendment (No. 3 in Supplementary List No. 2).

Shri K. Chandrasekharan: Sir, I move that in clause 2, sub, clause (40), the word 'waste' be deleted and the words 'private forest' inserted.

It has been one of the unfortunate experiences in Malabar Sir, that the Madras Preservation of Private Forests Act has contributed all these years to the destruction of private forests in Malabar and not to the preservation and maintenance of those private forests. In spite of this pitiable fact, vast cutting of private forests has been going on and to add, if I may say so, fuel to the fire, the M. P. P. F. Act was amended in 1953, if I remember right, by the Madras legislature with the effect that from the ambit of private forests declared as such in Malabar, the areas in those forests where fugitive cultivation known as punam or kumri was done at any time before seven years to the passing of that Act, were excluded. Therefore, in regard to practically about 75 per cent of the area of private forests in Malabar, especially in Hosdrug and adjoining taluks in North Malabar, where punam cultivation was once done during those 7 years, i. e., 7 years previous to the coming into force of that Act, even a cutting or felling licence was not necessary to be obtained from the Collector, as contemplated by the M. P. P. F. Act. Now it is stated in this sub-clause, as it stands, that "punam or kumri cultivation" means fugitive or intermittent cultivation of paddy on waste lands in Malabar. The word 'waste land' has not been defined anywhere in this Bill and probably that is the reason why the hon. Revenue Minister has been prompted to put in Amendment No. 195, to substitute the word 'waste' by 'tharisu'. Sir, 'tharisu' has been defined as cultivable land which is not a nilam, garden, parambu or palliyal land. I submit, Sir, this is going to create a great anomaly and contradiction. The cultivation of punam or kumri as an intermittent cultivation, once in five or seven years in particular

LIBRARY ARCHIVES Kerala Legislative Assembly

areas, is never done on a cultivatable land. At the time such cultivation is done, it is not done on cultivatable land alone. For starting the cultivation, the forest crop in the area is set fire to and destroyed and then after the destruction of the forest growth in the private forests of that area, cultivation of paddy is done. That kind of cultivation can never be equated to something like the cultivation of paddy under the hill paddy scheme' as it was called, in the Cochin area; so that now to put in the definition the word 'tharisu' instead of 'waste', I submit, Sir, will not solve the problem, because punam or kumri cultivation that is done in the Cannanore district or portions of Kasaragod district is not done in tharisu land. I, therefore, submit, Sir, that the word 'waste' be deleted and the words 'private forest' be inserted instead. Of course, I may say that there is necessity for the preservation of private forests and that there is no need for the destruction of private forests. I may submit that this sort of punam or kumri cultivation is dangerous to forest wealth and that it is equally dangerous and risky to the person who cultivates also. They are doing this for the purpose of raising pepper gardens in those areas in North Malabar. Now I would suggest that the entire scheme of punam or kumri cultivation may altogether be done away with and this portion may be deleted altogether from the Bill. On accepting the amendment of Shri E. Chandrasekharan Nair we will be having only lands which have already been cultivated; but they are not going to be declared as private forests. This punam cultivation is quite unnecessary and hence my present amendment.

ശ്രീ. എം. നാരായണക്കുറുപ്പ് : പ്രൈവറ്റ് ഫോറസ്റ്റ് എന്നുള്ളതു ചേത്താൽ ആ വകുപ്പു പരസ്പരവിരുദ്ധമാകുകയില്ലേ.

ശ്രീ. കെ. ചന്ദ്രശേഖരൻ : അങ്ങനെ ചില ബുദ്ധിമുട്ടുകൾ ഉണ്ട്.

Shri P. R. Madhavan Pillai : I move : (No. 196) In clause 2 (40) (ii) omit '1957' and add '1959'.

ഒരു ആണ്ടു മാറണമെന്നുള്ളതിൽ കവിഞ്ഞു ഇതിൽ യാതൊന്നുമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ശ്രീ. മാധവൻ പിള്ളയുടെ ഭേദഗതി ശരിയായിരിക്കുകയില്ലെന്നാണ് എനിക്കു തോന്നുന്നതു്. 'Between' എന്നുള്ളതു് എടുത്തുകളയാം. എങ്കിൽക്കൂടിയും ബാക്കി നിൽക്കുന്നു.

> The sub-clause reads : "Punam or Kumri cultivator means a person who has raised crops by punam or Kumri cultivation in any year between 1953 and 1957 and where there are successive cultivators in respect of the same land, the cultivator who raised crops last by such cultivation during the said period"

ആ നിലയിൽ ഇങ്ങനെയുള്ള കൃഷിക്കാരുടെ ക്ഷേമത്തിനു വേണ്ടിയും അവർ തമ്മിൽ തന്നെയുള്ള സ്പർദ്ധ ഇല്ലാതാക്കാൻ വേണ്ടിയും ഈ കാലനിർണ്ണയം അവശ്യമാണ്. അല്ലെങ്കിൽ തെളിവു കൊടുക്കാൻ വിഷമമുണ്ടെന്നു കണ്ടാണ് ഒരു കാലക്രിയ ഏർപ്പെടുത്തിയിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

മറ്റൊന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി ഫാറസ്റ്റ്തന്നെ നോട്ടിഫൈ ചെയ്യണമെന്ന്. അക്രമമായും നിയമവിരുദ്ധമായും സ്വകാര്യ വനങ്ങളിൽ കയറി അതിനെ നശിപ്പിക്കുന്നതു തടയണം.

Mr. Speaker: Now it is to omit "between 1953 and 1957" and to add "between 1957 and 1959", in that place.

Shri M. Narayana Kurup: Yes. I stand corrected.

അപ്പോൾ ഏതായാലും അതു കഴിയുന്നതും കുറയ്ക്കണം. ഇതിൻറെ അനുകൂല വ്യവസ്ഥകളെ ആശ്രയിച്ച് അല്പകാലം ആസ്വദിക്കുകയും കൂടുതൽ വനങ്ങൾ നശിപ്പിക്കരുതെന്നു വിചാരിച്ചാണ് 1957 എന്ന് വച്ചിട്ടുള്ളത്. നാം വാരിക്കോരി സംബന്ധിച്ചും മാറി കൈമാറുന്നതും തടസ്സം ചെയ്യുന്നതിനും 1957 എന്നു വച്ചു. അതുകൊണ്ടു അതു മാറണമെന്നു എനിക്കു തോന്നുന്നില്ല. 1959 എന്നാക്കിയാൽ കുറച്ച് കൈയ്യേറ്റത്തിനുള്ള പ്രേരണ നൽകുമെന്നാണ് എനിക്കു പറയാനുള്ളത്.

Shri E. P. Poulose: Clause 2 (40) (ii) reads "punam or kumri cultivator" means a person who has raised crops by punam or kumri cultivation in any year between 1953 and 1957 and, where there are successive cultivators in respect of the same land, the cultivator who raised crops last by suchc ultivation during the said period". Speaking of licence I had occasion to state that punam cultivator is not a person who really hopes to get any permanent right in any land. The idea implied is that in an area comprising of about 20 or 30 acres of land he cultivates about four or five acres at a time. In the next year he shifts and cultivates the next four or five acres. This system goes on until the whole area is cultivated. As I have already stated, the punam cultivator is not a cultivator who has any interest in the land. In such circumstances to say that the person shall be deemed to be in possession of the area which he cultivated last would be something like saying "let the devil take the hind most". Suppose one person is cultivating a particular plot of four or five acres. He then shifts and takes up another four or five acres. Then another man comes and cultivates the plot which he left. Different persons come and take up these lands. In this circumstance my suggestion is that it is not necessary to confer tenancy rights to punam cultivator, because he has no permanent interest over the property and it is not the intention of the owner of the land to give him such rights. We are extending the principle of conferring permanent rights to tenants too far in this case. So I suggest that part (ii) to subclause 40 may be deleted.

Shri R. Raghava Menon: Sir, my amendment is to delete (ii) of sub-clause 40. To declare that a punam cultivator is one entitled to get fixity of tenure is not correct because he is only a licensee for a particular year. He is not expected to get any permanent right. It is not the custom also. Further, it is not even a usual thing for a punam cultivator to cultivate in the succeeding year. He cultivates and goes away. Somebody else

LIBRARY ARCHIVES Kerala Legislative Assembly

comes and cultivates the land after a number of years. Successive cultivation is not carried on. It need not be taken as cultivation. Whoever has anything to do with the land may be declared a tenant. That alone will do.

ശ്രീ. ടി. എ. തൊമ്മൻ : സാധാരണയായി പുനംകൃഷിയും കുളികൃഷിയും ഒരു കൃഷി കഴിഞ്ഞാൽ പിന്നെ എത്ര കൊല്ലം കഴിഞ്ഞാണ് അടുത്ത കൃഷി നടക്കുന്നത്?

Shri R. Raghava Menon : Once in six years. By that time it becomes a forest. Such men need not be taken into consideration. We need not go in search of an absent man, a previous cultivator, and give him fixity of tenure. The owner can have the land and he can use it. That is why I said that we need not have this provision. This punam cultivator is not a constant man; he will be a non existing man by the time this legislation is carried. There is no necessity to go and find out a man to give him the fixity of tenure. It is quite unnecessary; it is not logical; and further, it is not contemplated.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : കുളിയും പുനവും കൃഷി 40-ാം ഉപവകുപ്പിന്റെ പരിധിയിൽ നിന്നു ഒഴിവാക്കണമെന്നുള്ളതാണ് ഭേദഗതി. അതിനു പ്രധാനമായി ബഹുമാനപ്പെട്ട പാലക്കാട്ടു മെമ്പർ പറയുന്ന ഒരു കാരണം അതു അവർ തന്നെ പ്രതീക്ഷിക്കുന്നില്ല എന്നാണ്. മറവുള്ള ആചാരവും അങ്ങനെയല്ല എന്നും പറയുകയുണ്ടായി. അതുകൊണ്ടു തന്നെയാണ് ഈ ഭേദഗതി സ്വീകരിക്കാൻ പാടില്ലെന്ന എന്റെ അഭിപ്രായവും അതുപോലെ തന്നെ ഭേദഗതി പ്രസ്സ് ചെയ്യാൻ പാടില്ലെന്ന എന്റെ അഭ്യർത്ഥനയും ഞാൻ സഭമുമ്പാകെ വയ്ക്കുന്നതു. ആചാരം അതല്ലാ എന്നതു ശരിയാണ്. 1900-ാമാണ്ടു വരെ കുഴിക്കുറികം ഉണ്ടാക്കിയിട്ടുള്ള കുടിയാന്മാർക്ക് പ്രതിഫലം കൊടുക്കണമെന്നുള്ള ആചാരം നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നില്ല. അതു കൃഷിക്കാർ ഒട്ടധികം കാലം പോരാടിയതിന്റെ ഫലമായും മറവു സാമൂഹ്യ കാരണങ്ങളാൽ ഉണ്ടായ സാമൂഹ്യബോധത്തിന്റെ ഫലമായുമാണുണ്ടായതു. അതുപോലെതന്നെ മലബാറിൽ കുടിയാന്മാർക്കു സ്ഥിരാവകാശം കൊടുക്കണമെന്നുള്ളതു ഒരു പ്രക്ഷോഭണത്തിന്റെ ഫലമായി 1929-ൽ അങ്ങനെന്നു തോന്നുന്ന അത്തരത്തിലുള്ള ഒരു നിയമവും ഉണ്ടായതു. എന്നാൽ പുനം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർ എത്ര പാട്ടം കൊടുക്കണമെന്നോ അവർ കുടിയാന്മാർ തന്നെയാണോ എന്ന കാര്യത്തെക്കുറിച്ചുപോലും സംശയങ്ങൾ ഉന്നയിക്കപ്പെട്ടിരിക്കുന്നു. 1954-ൽ മാത്രമാണ് പുനം കൃഷി ഒരു കൃഷിയാണെന്നും അവർ പാട്ടം കൊടുക്കുന്നതു ക്ലിപ്തപ്പെടുത്തണമെന്നും ആ പാട്ടം നികുതിയുടെ ഇരട്ടിമാത്രമേ പാടുള്ളുവെന്നും നിയമം മൂലം പ്രഖ്യാപിക്കപ്പെട്ടതു. 1949-ൽ, എന്റെ ഓർമ്മ ശരിയാണെങ്കിൽ, നവംബർ മാസം 29-ാം തീയതി കോഴിക്കോട്ടു ഹജൂർ ആഫീസിൽ വച്ചു മലബാർ ജന്മിമാരുടെ ഒരു കാൺഫറൻസ് നടക്കുകയുണ്ടായി. കുടിയാന്മാരുടെ പ്രതിനിധികളെന്ന നിലയിൽ ആ സമ്മേളനത്തിൽ ആരും പങ്കെടുത്തിട്ടില്ലെന്നാണ് എന്റെ ഓർമ്മ. അന്നു നിയമസഭാ സാമാജികന്മാർ പലരും ഈ പ്രശ്നം ആ സമ്മേളനത്തിൽ ചർച്ച ചെയ്തു ഉണ്ടായിട്ടുണ്ടു.

അന്നു ജന്മിമാരുടെ പ്രതിനിധിയായിരുന്നവർ കുടിയാന്മാർക്കു ഈ അവകാശം കൊടുക്കരുതെന്നാണ് പറഞ്ഞതു. എന്റെ ഓർമ്മ ശരിയാണെങ്കിൽ ശ്രീ. സീതി സാഹിബ്ബു എം. എൽ. എ. കൂടി അന്നു അതിനെപ്പറ്റി ഒന്നും പറയാതിരിക്കുകയാണ് ചെയ്തതു. 1959-ൽ മാത്രമല്ല, ഒരു നിയമനിർമ്മാണം മൂലം ഇവർ കുടിയാന്മാരായിത്തീർന്നതെന്നു സമർത്ഥിക്കുവാനാണ് ഞാൻ ഇതു പറഞ്ഞതു. ഇവർ കുടിയാന്മാരായി കാണണമെന്നാഗ്രഹിച്ചുകൊണ്ടു ഇങ്ങനെയൊരു ഭേദഗതി മദ്രാസ് അസംബ്ലിയിൽ ഞാൻ അവതരിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ]

അതിനെ സംബന്ധിച്ച് അന്നത്തെ കാബിനറ്റ് സ്റ്റോക്സ്മാനായിരുന്ന ശ്രീ. രാജഗോപാലാചാരി കുറെക്കൂടി കഴിയട്ടെ, അങ്ങനെ ചെയ്യാം എന്നും അപ്പോൾ എന്നോട് പറയുകയും തന്മൂലം ഞാൻ നൗ പ്രസ്സ് ചെയ്യാതിരിക്കുകയുമാണുണ്ടായത്. ഈ കുടിയാന്മാർക്കുകൂടി സ്ഥിരാവകാശം കൊടുക്കണമെന്നാണെന്റെ അഭിപ്രായം. സാധാരണ പരിചയത്തിൽനിന്നു പറഞ്ഞാൽ മുൻകാലങ്ങളിൽ ആറു കൊല്ലം കഴിയുമ്പോൾകൂടി ഈ പുനംകൃഷി ചെയ്യാറില്ല. മണ്ണു മൂത്താൽ പൊന്നാകും, പൊണ്ണു മൂത്താൽ മണ്ണാകും എന്നൊരു പഴമൊഴി പുനം നാട്ടിലുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ അറുപതു ശതമാനം ഭൂമിയും പുനം ഭൂമിയാണ്. അവിടെ പുനം കൃഷി മാത്രം ചെയ്തു ജീവിക്കുന്ന വരാകയാലും മറ്റു കൃഷിയൊന്നുമില്ലാത്തതിനാലും അവിടത്തെ കൃഷിക്കാർ ഇപ്പോൾ പുന്ന കൊല്ലം കൂടുമ്പോൾ പുനം കൃഷി ചെയ്യാറുണ്ട്. എങ്കിലും, സാമാന്യേന പറയുകയാണെങ്കിൽ, കുറഞ്ഞ പക്ഷം ആറു കൊല്ലം കഴിഞ്ഞിട്ടാണ് പുനം കൃഷി ചെയ്യുന്നത്. ഈ പുനം കൃഷിമൂലം കാടു നശിക്കുന്നില്ല. കുറെ ക്കാടും മറവും കത്തിച്ചു ചാരമാക്കി അവിടെ കൃഷി ചെയ്യുകയാണ്. 1957-നു ശേഷം ആദ്യം കൃഷി ചെയ്ത അതേ കൂടുംബം തന്നെയായിരിക്കും പിന്നീടും കൃഷി ചെയ്തിട്ടുണ്ടാവുക. ഇപ്പോഴും അവിടെ കുറേറിപ്പോ അവകാശം എന്നൊരവകാശം അലിഖിതമായ ഒരു നിയമം എന്നപോലെ നടപ്പിലുണ്ട്. അതായത്, പുനം ഭൂമി ഒരു കൊല്ലം കൃഷി ചെയ്തിട്ടുണ്ടെങ്കിൽ, പിന്നീടും ആ ഭൂമി കൃഷിക്കായി അതേ കുടുംബത്തിനുതന്നെ കൊടുക്കുക. ഇതു സംബന്ധിച്ചു ചില പ്രക്ഷോഭണങ്ങൾതന്നെ ഉണ്ടായിട്ടുണ്ട്. ചിലർ ഈ പതിവു തെറ്റിച്ചിട്ടുണ്ട്. ശ്രീ. ടി. പ്രകാശം മദ്രാസിലെ റവന്യൂമന്ത്രിയായിരുന്ന കാലത്തു കാർഡടയായി പുനം നാട്ടിൽ വന്നിട്ടുണ്ട്. ഇതു പ്രാധാന്യമുള്ള ഒരു വസ്തുതയാണ്, ശ്രീ. പാലക്കാട്ടു മെമ്പർ പറയുന്നതുപോലെ ലഘുവായി തള്ളിക്കളയാവുന്നതല്ല. ഇക്കാര്യത്തിൽ അർഹിക്കുന്ന ഗൗരവം ഈ സഭ നൽകുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. കെ. വസ്സുൻനി: ബഹുമാനപ്പെട്ട മെമ്പർ സെലക്റ്റ് കമ്മിറ്റിയിലെ ഒരംഗമായിരുന്നിട്ടുപോലും ഈ വസ്തുതകളെല്ലാം അവിടെ പറയാതിരുന്നതു് എന്തുകൊണ്ടാണ്?

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: സെലക്റ്റ് കമ്മിറ്റിയിൽ ഇക്കാര്യം വന്നിട്ടുണ്ട്. ഇതിനെപ്പറ്റി അഭിപ്രായിച്ചിട്ടുമുണ്ട്. ശ്രീ. നാരായണക്കുറുപ്പുതന്നെ ഇവിടെ ഉന്നയിച്ച വാദഗതികളും സെലക്റ്റ് കമ്മിറ്റിയിലും ഉന്നയിച്ചിട്ടുള്ളതാണ്.

ശ്രീ. ഇ. പി. ഗോപാലൻ: ശ്രീ. നാരായണക്കുറുപ്പിന്റെ ഭേദഗതിയെ ഞാൻ എതിർക്കുന്നു. പുനംകൃഷി നടത്തിവരുന്നവർ, പാട്ടത്തിനോ വാരത്തിനോ ഭൂമി വാങ്ങി കൃഷി ചെയ്യുന്നവരിൽ നിന്നും വ്യത്യസ്തരായുള്ളവരല്ല. ഈ സംപ്രദായം വടക്കെ മലബാറിൽ മാത്രം ഉള്ളതാണ്. പുനം, പുനം എന്ന വാക്കു കേൾക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലരുടെ മുഖത്തു് എന്തോ ചില വല്ലായ്മകളും കാണുന്നുണ്ട്. ചിലർ അതു വാക്കിനു ചിത്ത അർത്ഥം കല്പിക്കുന്നുണ്ടെന്നു തോന്നുന്നു.

ശ്രീ. പൊന്നറ ശ്രീധർ: അങ്ങനെ ചീത്ത അർത്ഥമൊന്നും ഞങ്ങൾക്കാർക്കും തോന്നിയിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കർക്കുതന്നെ ഈ പദത്തിനു വല്ല ചീത്തയർത്ഥവും തോന്നിയിട്ടുണ്ടോ എന്നു പറഞ്ഞാൽകൊള്ളാം.

മി. സ്പീക്കർ: അങ്ങനെ എന്തെങ്കിലും അർത്ഥമുള്ളതായിട്ട് എനിക്കു നിശ്ചയമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: പുനംകൃഷി വളരെ കാലമായി ചില പ്രത്യേക പ്രദേശങ്ങളിൽ നടന്നുവരുന്ന ഒരു സമ്പ്രദായമാണ്. അവിടെ ഇടവ്വയായി കൃഷിചെയ്തുകൊണ്ടിരിക്കുന്ന കൃഷിക്കാരാണ് ഇപ്പോഴും അതു ചെയ്തുകൊണ്ടിരിക്കുന്നതു്. അതുകൊണ്ടവർക്കും ആ ഭൂമിയിൽ സ്ഥിരാവകാശം ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കേണ്ടതാണു്. മൂന്നുകൊല്ലത്തിലൊരിക്കലോ, നാലു കൊല്ലത്തിലൊരിക്കലോ മാത്രമെ കൃഷി ചെയ്യുന്നുള്ളു എന്നതു് ഒരിക്കലും കുടിയാന്റെ തരക്കേടുകൊണ്ടുണ്ടായതല്ല, ഭൂമിയുടെ തരഭേദം കൊണ്ടുണ്ടായതാണു്. അതുകൊണ്ടു് കുടിയാനു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പുനംകൃഷി ചെയ്യുന്ന കുടിയാനും ഉണ്ടായിരിക്കണം. ഈ ആനുകൂല്യം ലഭിക്കേണ്ടതാണു്. മലബാർഭാഗത്തേക്കു മാത്രമേ ഈ വകുപ്പു ബാധിക്കാവൂ. മറ്റിടങ്ങളിൽ ഇങ്ങനെയൊരു സമ്പ്രദായം ഇല്ലാത്തതുകൊണ്ടു് അവിടങ്ങളിലേയ്ക്കും ഇതു് ബാധിയ്ക്കണമെന്നു പറയുന്നതു ശരിയല്ല.

ശ്രീ. ടി. എ. തൊമ്മൻ: സർ, ഒരു കാലത്തു് തിരുവിതാംകൂറിന്റെ വടക്കുകിഴക്കൻ താലൂക്കുകളിലും ഇതുപോലുള്ള ഒരു കൃഷി നിലവിലുണ്ടായിരുന്നു. ചേരിക്കൽ കൃഷി എന്നാണു് അതിനു് പേർ പറഞ്ഞിരുന്നതു്. അതുമായി കാടുപിടിച്ചു പ്രദേശം കാടുവെട്ടി തീയിട്ടു കാടു് നശിപ്പിക്കുക, പിന്നീടു് കൃഷി ചെയ്യുക. ആദ്യത്തെ കൃഷിക്കു് ഒഴവു് കൃഷിയെന്നും, രണ്ടാമത്തെ കൃഷിക്കു് കാലാകൃഷിയെന്നും പേർ പറഞ്ഞിരുന്നു ഇങ്ങനെ നെൽക്കൃഷി ചെയ്തുകൊണ്ടിരുന്ന ഒരു സമ്പ്രദായം ഉണ്ടായിരുന്നു. ഈ കൃഷി എന്താണെന്നുള്ളതു് മലംപ്രദേശങ്ങളിൽ താമസിക്കുന്നവക്കറിയാം; പുത്തരിയല്ല. എന്നാൽ തിരുവിതാംകൂർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഇപ്പോഴും കൃഷിചെയ്യാവുന്ന പ്രദേശങ്ങളും മുഴുവൻ സ്ഥിരമായ കൃഷിചെയ്യുവരുന്നതുകൊണ്ടു് ഇപ്പോഴും ചേരിക്കൽ കൃഷി പ്രായേണ ഇല്ലെന്നുതന്നെ പറയാം.

ഈ വകുപ്പുകൊണ്ടു് നാം വലിയ ഒരവകാശമാണു് കൊടുക്കുന്നതു്. ഒരാൾ 1953–ൽ ഒരു സ്ഥലം കൃഷി ചെയ്യുന്നു. അതിനുശേഷം അയാൾ ആ സ്ഥലം ഒഴിഞ്ഞുപോകുന്നു. ആറു കൊല്ലം കഴിഞ്ഞാണു് പിന്നീടു് ആ സ്ഥലത്തു് കൃഷി ചെയ്യുന്നതു്. കൃഷിക്കാരനു് ഭൂമി കൈവശമില്ല. അയാൾ ഭൂമിയിലൊന്നും ചെയ്തിട്ടില്ല. ഏതാനും കൊല്ലം മുമ്പു് ഒരാൾ ഒരു സ്ഥലം കൃഷിചെയ്തിരുന്ന ഒരു കാരണത്തിനു് അയാൾക്കു്, ആ ഭൂമിയിൽ കുടിയായ്മ അവകാശം കൊടുക്കുന്നതു് ശരിയാണോ, ഒരു ലൈസൻസി എന്ന നിലയ്ക്കോ, പാട്ടക്കാരൻ എന്ന നിലയ്ക്കോ. വാരക്കാരൻ എന്ന നിലയ്ക്കോ, അങ്ങനെ എന്തെങ്കിലും ഒരു റൈറിൻപ്രകാരം കുടിയായ്മ അവകാശം ഉള്ളവനോ, കൈവശമുള്ളവനോ ടെനൻസി കൊടുക്കുന്നതു മനസ്സിലാക്കാം. നേരെ മറിച്ചു് ഭൂമിയുമായി ഇപ്പോഴും യാതൊരു ബന്ധവുമില്ലാത്ത ആളിനു ടെനൻസി റൈറു കൊടുക്കുന്നതു ശരിയല്ല. അയാൾക്കു ഭൂമി കൈവശമേ ഇല്ല. നാലഞ്ചു കൊല്ലങ്ങൾക്കു മുൻപു് ഒരിക്കൽ കൃഷിചെയ്തു എന്ന കാരണത്താൽ അങ്ങനെയുള്ള ആളുകളെ തേടിപ്പിടിച്ചു് അവർക്കു് ഭൂമി കൈവശാവകാശം കൊടുക്കുന്നതു് ന്യായമാണോ? കൃഷി ചെയ്യുന്ന ആളുകൾക്കു് ഭൂമി കൊടുക്കണമെന്നാണു് പറയുന്നതു്. അഞ്ചാറു കൊല്ലമായിട്ടു കൈവശമില്ലാതിരുന്ന ആളുകൾക്കു പിന്നീടു കൈവശം കൊടുക്കണമെന്നും, ടെനൻസി അവകാശം കൊടുക്കണമെന്നും പറയുന്നതു് യാതൊരു വിധത്തിലും ശരിയല്ല. അതുകൊണ്ടു് ശ്രീ. രാഘവമേനോന്റെ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. ഒരു കാലത്തു കൈവശമുണ്ടായിരുന്നു എന്നു പറയുന്നവർക്കൊക്കെ ഭൂമിയിൽ സ്ഥിരാവകാശം കൊടുക്കുകയാണെങ്കിൽ വളരെ കുഴപ്പങ്ങളുണ്ടാകും. യാതൊരവകാശങ്ങളുമില്ലാത്ത ആളുകൾക്കു് ഇങ്ങനെയുള്ള ടെനൻസി അവകാശം കൊടുക്കുന്നതു യാതൊരു വിധത്തിലും ന്യായീകരിക്കാവുന്നതല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ശ്രീ. തൊമ്മൻ പറഞ്ഞതുപോലെ ഭൂമിയിൽ കൈവശാവകാശമാകട്ടെ, മറ്റേതെങ്കിലുമാകട്ടെ, ഇല്ലാത്ത ആളുകൾക്കു കുടിയായ്മ അവകാശം കൊടുക്കുന്നതു ഒരിക്കലും ശരിയല്ലെന്നാണു് എന്റെ അഭിപ്രായം. ഒരാൾ ഒരു കൊല്ലം ഏതെങ്കിലും ഭൂമിയിൽ കൃഷിചെയ്തു എന്നവച്ചു് ഭൂമിയുടെ സ്ഥിരാവകാശം അയാൾക്കു കൊടുക്കുവാൻ എന്തു ന്യായമാണുള്ളതു്? പോരെങ്കിൽ ഈ വകുപ്പിന്റെ വ്യാപ്തി മലബാറിലേക്കു മാത്രം ബാധകമാക്കിയിരിക്കുകയാണു്. അതും ശരിയല്ല. ഇവിടെ ഏതു കാര്യത്തിനും ചില പ്രത്യേകതകൾ കാണുന്നുണ്ടു്. എന്തു നിയമം കൊണ്ടുവന്നാലും കേരള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പൊന്നറ ജി. ശ്രീധർ.]

ത്തെ രണ്ടു മൂന്നു ഭാഗമായിട്ടു തിരിച്ചു വിവേചനം കാണിച്ചുകൊണ്ടിരിക്കുകയാണു്. ഈ ബില്ലിലും ഇത്തരം വിവേചനാപരങ്ങളായ നിർവ്വചനങ്ങൾ അടങ്ങിയിട്ടുണ്ടെന്നു കാണാം. അതു പിശകാണു്. അക്കാര്യം ഇന്നു് അധികാരത്തിലിരിക്കുന്നവർ പ്രത്യേകം ശ്രദ്ധിച്ചാൽ കൊള്ളാം. മേലാലെങ്കിലും കേരളത്തെ രണ്ടും മൂന്നുമായി തരംതിരിച്ചു് ഭാഗിക്കാതിരിക്കണമെന്നാണു് എനിക്കു് അധികാരികളോടു പറയുവാനുള്ളതു്. ശ്രീ. നാരായണക്കുറുപ്പിന്റെ ഭേദഗതി എന്റെ ഈ ആശയത്തെ സാധൂകരിക്കുന്നതാണു്. അദ്ദേഹത്തിന്റെ ഭേദഗതി മലബാറിനെ എടുത്തുകളയുകയാണു ചെയ്തതു്. ഇവിടേയും ഈ പേരിലല്ലെങ്കിലും ഇതുപോലെ കൃത്രിമങ്ങൾ സ്ഥലങ്ങളുണ്ടു്. കുറിക്കാട്ടുകൃഷി തീവച്ചു നശിപ്പിച്ചിട്ടുതിനുശേഷം വിണ്ടും കൃഷിചെയ്യുന്നു. ഇങ്ങനെ കൃഷി ചെയ്യുന്നവർക്കു് ആ ഭൂമിയിൽ കുടിയായ്മ അവകാശം കൊടുക്കുവാൻ വകിയ ന്യായമൊന്നും ഞാൻ കാണുന്നില്ല. അഥവാ കൊടുത്തേതീരൂ എന്നുണ്ടെങ്കിൽ മലബാറിലക്കുമാത്രമല്ല, എല്ലാ സ്ഥലത്തേക്കും കൊടുക്കണം. അതുകൊണ്ടു് ഞാൻ ഈ ഭേദഗതി പിൻതാങ്ങുന്നു.

ശ്രീമതി കെ. ആർ. ഗൗരി : ഈ ഭേദഗതിയെ സ്വീകരിക്കണമോ വേണ്ടയോ എന്നതിനെപ്പറ്റി അല്പം ആലോചിക്കേണ്ടതായി ഉണ്ടു്. അതുകൊണ്ടു് അതിനുള്ള മറുപടി ഞാൻ അടുത്ത ദിവസം പറയാം.

Mr. Speaker: Then we will resume consideration of these amendments later. We will proceed to sub-clause (42) now.

Shri E. Chandrasekharan Nair: I move:

Recast sub-clause (42) as follows :

"Rent means any consideration in money or in kind or in both paid or payable by a tenant to the landlord for the use or occupation of the land held by him and includes michavaram but does not include customary dues or any special rights or the rendering of any personal service or labour."

The purpose of my amendment is to exclude certain special rights and also to include michavaram. The wording has been adopted from the wording in the Bombay Tenancy Act with a slight alteration. There is some confusion regarding the words "lawfully payable". Whatever is payable can only be lawfully payable. Anything which is illegal cannot be paid and cannot be claimed. The word "lawfully" is not necessary. Michavaram is also to be included. Moreover, under clause 22, anything excluding rent need not be paid. Only rent need be paid.

Shri C. Achutha Menon: What about personal service or labour? ഏതെങ്കിലും personal service റെൻറാകുകയാണെങ്കിൽ അതു് റെൻറു് ആകുകയില്ലെന്നാണോ പറയുന്നതു്?

Shri E. Chandrasekharan Nair: I am prepared to accept that point.

Mr. Speaker: Then the last portion of the amendment may have to be deleted.

Shri K. Chandrasekharan: I am moving 2 amendments to sub-clause 42 viz.

LIBRARY ARCHIVES Kerala Legislative Assembly

In clause 2(42) add the following before the semicolon "or license fees".

In clause 2(42) add the following before the semicolon "or anything payable by a mere agent to his principal".

Sir, I want to point out certain difficulties which might otherwise ensue if my amendments are not accepted. Two types of tenancies have been denied their rights as tenants. One is that of Varomdar. In sub clause 47(g) a licensee in the Kuttanad taluk has been given the tenancy right. Apart from these, there may be contemplated a number of agencies and services for which license fees may be levied. I may just put in before this House an illustration. Take the case of two brothers. The one who is in Government service entrusts his land to the other for cultivation on the understanding that a definite quantity of paddy will be given to him yearly. There is no lease-hold right. Yet an amount is fixed between them. It is likely that the amount payable may fall within the purview of this Act. I do not know whether it is the intention of this House to confer tenancy rights to all such licencees or agents. Of course, if it is the intention, I do not stand in the way. If it is not the intention this would create difficulties in future. A man liable to pay only a license does not come within the purview of the Act as does a Varomdar in the Kuttanad taluk. It is only to point out this that I have moved these amendments.

ശ്രീ. പൊന്നാ മുടി ശ്രീധർ: സർ, ശ്രീ. ചന്ദ്രശേഖരൻ കൊണ്ടുവന്ന ഭേദഗതിയെ ഞാൻ പിൻതാങ്ങുകയാണു ചെയ്യുന്നതു്. ഇതിൽ മറ്റൊരുദ്യോഗസ്ഥനും മാറ്റംവരുത്തേണ്ട ആവശ്യമില്ലെന്നാണു് എനിക്കു ബഹുമാനപ്പെട്ട ശ്രീ. ഇ.വ. ചന്ദ്രശേഖരൻ നായരെ ഉൽബോധിപ്പിക്കാനുള്ളതു്. അതുകൊണ്ടു് ശ്രീ. ചന്ദ്രശേഖരൻ നായർ കൊണ്ടുവന്ന ഭേദഗതിയെ ഞാൻ എതിർക്കുകയാണു്. "ഫാഫുള്ളി" എന്നു പറയുന്നതിൽ ഒരു വക്കീലായിരിക്കുന്ന അദ്ദേഹം ഭയപ്പെടുന്നതിൽ എനിക്കു ഖേദമുണ്ടു്. അതുകൊണ്ടു് ശ്രീ. ചന്ദ്രശേഖരൻനായർ കൊണ്ടുവന്ന ഭേദഗതി അംഗീകരിക്കരുതെന്നു് ഞാനപേക്ഷിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു്: സർ, ബില്ലിലുള്ള നിർവ്വചനം തന്നെയാണു് എല്ലാറ്റിലും നല്ലതു് എന്നാണു് എന്റെ അഭിപ്രായം. മലബാർ കുടിയായ്മ നിയമത്തിലെ നിർവ്വചനമനുസരിച്ചു് നിശ്ചയിച്ചിട്ടുള്ളതാണു് ഇതു്. ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചതുപോലെ അവസാനത്തെ ഭാഗം എടുത്തുകളഞ്ഞാലും ശ്രീ. ഇ.വ. ചന്ദ്രശേഖരൻനായർ അവതരിപ്പിച്ച ഭേദഗതി എടുത്തുകളഞ്ഞാലും ഒരു കുഴപ്പവും ഉണ്ടാകുകയില്ല. സ്പെഷ്യൽ റെറർസ് എന്തെല്ലാമാണെന്നു് പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ല. അതുകൊണ്ടു് അനാവശ്യമായ കുഴപ്പം സൃഷ്ടിക്കുക മാത്രമേ ഈ ഭേദഗതികൊണ്ടുണ്ടാകുകയുള്ളൂ. മറ്റൊരു സംഗതി ലാഫുള്ളി എന്നുള്ളതു് അദ്ദേഹം എടുത്തുകളഞ്ഞതാണു്. എന്നാൽ അദ്ദേഹം ടെനൻറ എന്നുള്ള വാക്കു ഉപയോഗിച്ചിട്ടുണ്ടു്. 42-ാം ഉപവകുപ്പിലെ ടെനൻറ എന്നുള്ളതിന്റെ നിർവ്വചനം ടെനൻറ എന്നുള്ളതിന്റെ നിർവ്വചനമല്ല.

പിന്നെ വേറെ ഒന്നു് പറയുന്നതു് "rendering of any personal service or labour" എന്നാണു്. അതും കൂടി പണം കൊടുത്തിട്ടു് മുൻപാട്ടത്തിനു എടുത്താൽ അതുംകൂടി ഇതിൽവരും: നമ്മുടെ ഉദ്ദേശം അതല്ല.

ശ്രീമതി കെ. ആർ. ഗൗരി: മനസ്സിലാക്കുവാൻ വേണ്ടി ചോദിക്കുകയാണു്. ടെനൻറ് അല്ലാത്ത ആളുകൾ ടെനൻറ കൊടുക്കണമെന്നുണ്ടോ? പിന്നെ 'paid or payable' എന്നു പറഞ്ഞാൽ ബുദ്ധിമുട്ടു വരുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ്: അതുകൊണ്ട് ഇന്ന കൊണ്ടുവന്നിട്ടുള്ള ഭേദഗതികൊണ്ട് കൂടുതൽ പ്രയോജനം ഇല്ല. ബഹുമാനപ്പെട്ട മന്ത്രിതന്നെ ചോദിക്കുകയുണ്ടായി ടെനന്റല്ലാത്തവർ റെൻറ കൊടുക്കണോ

11 A. M. യെന്ന്. ഫലത്തിൽ രണ്ടും ഒന്നാണ്. പക്ഷെ ഏതെങ്കിലും രീതിയിൽ ഉത്തമ വിശ്വാസത്തോടുകൂടി ഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് വല്ല ആനുകൂല്യവും കിട്ടുമെങ്കിൽ കിട്ടിക്കോട്ടെ എന്നുള്ളതുകൊണ്ട് ഈ പരിമിതി വേണ്ട എന്നാണെന്റെ അഭിപ്രായം. എങ്കിലും നിശ്ചയിച്ചും ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരുന്നതിനേക്കാൾ ഇന്നുള്ള നിർവ്വചനമാണ് നല്ലതു് എന്നു ഞാൻ കരുതുന്നു. അതുകൊണ്ട് ഭേദഗതി അനാവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീമതി കെ. ആർ. ഗൗരി: മി. ചന്ദ്രശേഖരൻ നായരും, മി. ചന്ദ്രശേഖരനും കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ പിൻവലിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നതു്. ശ്രീമാൻ ചന്ദ്രശേഖരൻനായരുടെ ഭേദഗതി ഇതാണ്. Recast sub-clause (42) as follows:—"Rent means any consideration in money or in kind or in both paid or payable by a tenant to the landlord for the use or occupation of the land held by him and includes michavaram but does not include customary dues or any special rights or the rendering of any personal service or labour". ഒടുവിലത്തെ ഭാഗം വിട്ടുകളയാം എന്നു് അദ്ദേഹം പറയുന്നു. സ്പെഷ്യൽ റൈറ്റ്സിന്റെ കൂട്ടത്തിൽ തിരിപ്പുവാരം മുതലായ ചില അവകാശങ്ങളും ഉണ്ട്. അങ്ങനെയുള്ള റൈറ്റ്സ് കൊടുക്കേണ്ട എന്നെഴുതി ചേർത്താൽ മതിയെന്നാണെനിക്കു തോന്നുന്നതു്.

ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ലൈസൻസിനെ സംബന്ധിച്ചു് പറഞ്ഞു. കുട്ടനാട്ടിൽതന്നെ "....for the use of occupation of the land held by him and includes michavaram but does not include customary dues or any special rights..... ." ഇപ്രകാരമുള്ള റെൻറ കൊടുക്കുന്നയാളാണ് ടെനൻറായി കരുതുന്നതു്. അങ്ങനെയുള്ളതിനു മാത്രമേ ടെനൻറാകുന്നുള്ളു. ലൈസൻസ് കൊടുക്കുന്ന എല്ലാവരും ടെനൻറായാൽ വളരെ ബുദ്ധിമുട്ടുണ്ട്. "or anything payable by a mere agent to his principal" എന്നുള്ള ഭേദഗതി സ്വീകരിക്കുന്നപക്ഷം കോടതിയിൽപോയി കേസു നടത്തുന്ന ഒരാളിനു് വസൂൽ ഒഴിഞ്ഞുകൊടുക്കേണ്ടതായി വരും. ശ്രീമാൻ ചന്ദ്രശേഖരൻ പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ശ്രീ. ചന്ദ്രശേഖരൻ മലബാർ ടെനൻസി ആക്ട് റദ്ദാക്കുന്നതിനു് ഇതു തരത്തിൽ റെൻറ കൊടുക്കുന്നുണ്ട്.

Smt. K. R. Gouri: I don't follow what is "license fees payable by a mere agent to his principal"

ശ്രീ. കെ. ചന്ദ്രശേഖരൻ: രണ്ടു ജോയിന്റ് ഓണർമാർ ഉണ്ടെന്നു വയ്ക്കുക, രണ്ടുപേർക്കും പ്രത്യേകം പ്രത്യേകം നിലങ്ങളുണ്ട്. അതിൽ ഒരാളിനു് പുറത്തൊരു ഭോഗമായി പോകേണ്ടിവന്നു. അപ്പോൾ അയാൾ മറ്റൊരാളിനെ താൽക്കാലികമായി അയാളുടെ നിലം കൃഷിചെയ്യാൻ ഏല്പിച്ചു. അയാളോടു പറഞ്ഞു താൻ മുപ്പതു പറ നെല്ലു് തരണം എന്നു്. അങ്ങനെ നടന്നുവരവെ നിലം കൊടുത്തയാൾ തിരിച്ചുവന്നു നിലം തിരിയെ തരാൻ ചോദിക്കുമ്പോൾ തരാൻ സാധ്യമല്ലാ, തനിക്കു കടിയായതുകൊണ്ട് അവകാശം ഉണ്ടു് എന്നു പറയുകയാണെങ്കിൽ അങ്ങിനെയുള്ള കേസുകൾക്കു് എന്തെങ്കിലും വ്യവസ്ഥ ചെയ്യേണ്ടേ?

ശ്രീമതി കെ. ആർ. ഗൗരി: അതാണ് ബില്ലിലുള്ളപോലെ പെഴ്സൺ (Person) എന്ന വാക്കാണ് നല്ലതെന്നു ശ്രീമാൻ കുറുപ്പു പറഞ്ഞതു്. അപ്പോൾ അതു റെൻറായി കണക്കാക്കുന്നുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: ശ്രീമാൻ ചന്ദ്രശേഖരൻ പറയുന്നതു് ഇതു സ്വീകരിക്കാൻ പാടില്ലാ എന്നാണെന്നു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : If Mr. Chandrasekharan's amendment is accepted the clause will read thus:—

(42) "rent" means whatever is lawfully payable in money or in kind or in both by a person permitt d to have the use and occupaiion of a land to the person so permitting, and includes michavarom but does not include customary dues or license fees or anything payable by a mere agent to his principal".

ശ്രീമതി കെ. ആർ. ഗൗരി : ഇതിന്റെ ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. ലൈസൻസ് ഫീസ് കൊടുക്കുന്ന ആൾ ടെനന്റാണോ എന്നുള്ളതു് ആ ഡെഫനിഷൻ നോക്കിയാണു് തീരുമാനിക്കേണ്ടതു്. അതാണു് ലൈസൻസ് ഫീസ് എന്നു് അദ്ദേഹം ഉദ്ദേശിക്കുന്നതു്. Does not include എന്നു് എഴുതി ചേർത്തതിനുശേഷം "or license fees or anything payable by a mere agent to his principal" എന്നു ചേർത്താൽ.....

ശ്രീ. എം. നാരായണക്കുറുപ്പ് : രണ്ടു എക്സ്പ്ലനേഷൻകൂടി എഴുതി ചേർക്കണം. മറ്റേതു റെൻഡിന്റെ ഭാഗമായിട്ടു പറഞ്ഞാൽ കസ്റ്റമറിഡ്യൂസ് ആകണമെന്നുവരുന്നേക്കാം.

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെ രണ്ടു എക്സ്പ്ലനേഷൻ ആവശ്യമില്ല. അവർ കൊടുക്കേണ്ടതിന്നതാണെന്നു പറയുന്നുണ്ടു്. അങ്ങനെ ടെനന്റു റെന്റിന്റെ ഡഫനിഷനിൽത്തന്നെ വരുന്നില്ല. പിന്നെ അവരും ടെനൻസി കിട്ടുമോ എന്നുള്ള നൂലിഴകീറുണ്ടു്. അതു ടെനന്റിന്റെ ഡഫനിഷനിൽ വരുന്നുവോ നോക്കിയാൽ മതി. റെന്റിൽ കസ്റ്റമറി ഡ്യൂസ് പെടുകയില്ല. ശ്രീമാൻ ചന്ദ്രശേഖരൻ പറഞ്ഞതുപോലെ സ്പെഷ്യൽ റൈറ്റ്സ് എന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം തിരിച്ചുവാരമുണ്ടെന്നറിയാം. അങ്ങനെ വ്യക്തമായിട്ടുള്ളതുകൊണ്ടാണു് സ്പെഷ്യൽ റൈറ്റ്സിനെ വ്യത്യാസമുണ്ടെന്നു പറയാനുള്ള കാരണം.

ശ്രീ. എം. നാരായണക്കുറുപ്പ് : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതു മുഴുവൻ മനസ്സിലായില്ല. ഇന്നു് അങ്ങനെ വെറും ലൈസൻസ് ഫീസ് കൊടുക്കുന്നതായി വ്യാഖ്യാനിച്ചു് സ്റ്റേ കൊടുക്കുന്നതെന്നാണു പറഞ്ഞതു്. അപ്പോൾ അതിൽനിന്നൊഴിവാക്കണമെങ്കിൽ റെന്റിൽ നിന്നൊഴിവാകണം. ആ നിലയിൽ അങ്ങനെയുള്ള അവകാശങ്ങൾ ലഭിക്കാൻവേണ്ടി ഇതിൽ ഉൾപ്പെടുത്താതിരിക്കണമെങ്കിൽ ഈ റെൻറ് എന്നുള്ള നിർവ്വചനത്തിൽനിന്നും നാം അതിനെ ഒഴിവാക്കിയേ മതിയാകൂ.

Shri T. A. Thomman : "Tenant" means any person who has paid or has agreed to pay rent or other consideration for his being allowed by another, to possess and to enjoy the land of the latter; and 'rent' means whatever is lawfully payable in money or in kind or in both by a person permitted to have the use and occupation of a land to the person so permitting and includes michavaram but does not include customary dues". Mr. Chandrasekharan was citing the example of two brothers, one going to Government service and entrusting the occupation of his property to the other in consideration of money or paddy payable to him. So the payment made by the brother will be 'rent' contemplated in 2(42) because 'rent' means whatever is lawfully payable in money or in kind or in both by a person permitted to have the use and occupation of a land to the person so permitting...." So the jurial relationship is only one of permission to have the use and occupation of the land. That is the

LIBRARY ARCHIVES Kerala Legislative Assembly

[Shri T. A. Thomman]

only re ationship. It is not necessarily the relationship between the landlord and the tenant. According to the definition suggested a tenant is the person who has to pay the rent. So, an agent will come within the definition of tenant. So, I submit that sub-clauses 42 and 47 may be considered together. The Minister was saying that this may be considered when we discuss sub-clause 47. What I submit is that we must consi ler them together. Suppose we pass sub-clause 42. Then again this difficulty will crop up. So many difficulties will arise, because rent is not what that is payable by a tenant to the landlord but merely that which is p.yable for use and occupation.

Mr. Speaker: I think none of the amendments suggested is necessary. Ofcourse, I realise that I am not expected to take part in the debate.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഇതിനകത്തു് ഏ ഇൻഡം പ്രിൻസിപ്പലുമായുള്ള കരാറിനെപ്പറ്റി പറയുന്നുണ്ടു്. മുപ്പു പറ നെല്ലു് കൊടുക്കണമെന്നു പറഞ്ഞാൽ അതു പ്രിൻസിപ്പലിനു കൊടുക്കണമെന്നല്ല; അതു ചാൽ ചെലവു കഴിച്ചു്, അയാളുടെ അഡ്വൻസു് കഴിഞ്ഞു് ബാൻഡു് ഓണർക്കു് കൊടുക്കണമെന്നാണു പറയുന്നതു്. അതിനു വ്യവസ്ഥയുണ്ടു്.

ശ്രീ. കെ. ചന്ദ്രശേഖരൻ : അനവധി കേസ്സുകളും ഇതു സംബന്ധിച്ചുണ്ടാകുന്നുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇതു വ്യക്തമാകണമെങ്കിൽ പ്രത്യേകം വിശദീകരണം (explanation) ചേർക്കണം.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ പറയുന്നതു്; sub-clause 47-ൽ ഇതിനെപ്പറ്റി ആലോചിക്കാമെന്നാണു്, 'ഈ ഇഷ്യു് ഒടനൻഡം' എന്നുള്ളിടത്തു് ഇതു പറഞ്ഞാൽ മതി. സബ്ബു് ക്ലാസ്സു് 47-ൽ—

> "Where in a document a person is described as a 'Sambalapattomdar', 'Sambalachittudar', 'Coolipattomdar' or an agent in respect of any paddy land situate in Palghat district, he shall be presumed to be a tenant."

എന്നു പറഞ്ഞിട്ടുണ്ടു്. സബ്ബു് ക്ലാസ്സു് 47-ന്റെ ചർച്ചാവേളയിൽ ഇതു് ആലോചിച്ചാൽ മതിയെന്നാണു് എന്റെ അഭിപ്രായം.

Mr. Speaker : We are not actually accepting the sub-clause 2(42). Now we are only dealing with the amendments. So, if you want to reconsider the sub-clause along with sub-clause 2(47) that can be done.

Now I think it would be better that both Shri E. Chandrasekharan Nair and Shri K. Chandrasekharan who have moved amendments to this sub-clause withdraw their amendments.

Shri K. Chandrasekharan : Sir, I do not press my amendment.

Shri E. ChandrasekharanNair: I also do not press. The amendments were, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : We will now proceed to sub-clause 47. Amendments Nos. 202 to 205 are for the entire dele ion of sub-clause 2(47) (i). If the entire sub-clause is deleted, I think that would create complication, as the word 'tenant' occurs in ever so many places in this legislation.

Now, Smt. K. R. Gouri, are you moving amendment No. 206?

Smt. K. R. Gouri : (No. 206) Sir, I move —

In clause 2, in sub-clause (47) for the words "to possess and to enjoy" the words "to enjoy" shall be substituted.

If intermediary is to be considered as a 'tenant' he should not be considered to be in possession of the property. That is why I suggest this.

Mr. Speaker : Because you have included "an intermediary" specifically under the category of "tenant", you want that amendment; is that so?

Smt. K. R. Gouri : Yes.

Shri M. Narayana Kurup : (No. 207) Sir, In clause 2, sub-clause (47) (i) definition of tenant in line 3 after the word 'latter', add the following :

'or one in occupation of land of another in good faith and willing to pay rent or other consideration for such occupation to the rightful person.'

സർ, ഈ ബില്ലിന്റെ ഉദ്ദേശം നിറവേറ്റപ്പെടണമെങ്കിൽ ഇങ്ങനെ യൊരു ഭേദഗതി അത്യാവശ്യമാണെന്നാണ് എന്റെ അഭിപ്രായം. കുടിയാ ന്മയെപ്പറ്റി ചിന്തിക്കുമ്പോൾ രണ്ടു സംഗതികൾ പ്രധാനമായി നാം ഓർക്കേ ണ്ടതുണ്ട്. ഇവിടെ ഓരോ നിർവ്വചനം വരുമ്പോൾ, അതിനെ യഥാർത്ഥമായ ഒരു തത്വത്തിന്റെ അടിസ്ഥാനത്തിൽ സമീപിക്കുന്നതിനു പകരം, ചില മിരട്ടു വിദ്യകൾകൊണ്ട് യഥാർത്ഥ്യത്തിൽനിന്നും ഒഴിഞ്ഞു മാറുന്നതിനുള്ള ഒരു വാസനയാണ് കാണുന്നതു്. സർ, ഇന്ന് ഇവിടെ സ്വകാര്യവനങ്ങളെപ്പറ്റി പറയുകയുണ്ടായി; വസ്തു കൈവശം വച്ചുവരുന്ന ആളുകളെപ്പറ്റി പറയുക യുണ്ടായി. ഒരു യാഥാർത്ഥ്യം നമുടെ മുമ്പിലുണ്ട്. നിയമപരമായിട്ടോ, രേഖാമൂലമായിട്ടോ ഏതു മുൻ അവകാശത്തേയും, ഉടമ്പടിരിയുകളേയും ഒന്നും പൂർണ്ണമായി മനസ്സിലാക്കാതെ, തങ്ങൾക്കു ഭൂമി എത്രയോ കാലമായി കൈവശ മുണ്ട്; അതിന്മേൽ അവകാശമുണ്ട് എന്നുള്ള നിലയിൽ അഥവാ ആരും തങ്ങളെ തടസ്സപ്പെടുത്താതെ തങ്ങൾക്ക് അവകാശം സിദ്ധിച്ചിട്ടുള്ള ഭൂമിയാണ് എന്നുള്ള നിലയിൽ ചിരകാലമായി ഭൂമി കൈവശംവച്ചു ഭോഗബന്ധമുണ്ടാക്കി അനുഭവിച്ചുവരുന്ന ആളുകളും ഉണ്ട്. നിയമദൃഷ്ട്യാ, അല്ലെങ്കിൽ നിയമത്തെ നിഷ്കൃഷ്ടമായി വ്യാഖ്യാനിച്ച് നിയമം നടപ്പിലാക്കുകയാണെങ്കിൽ.....

Mr. Speaker : Mr. Kurup, I crave your indulgence a little. I shall first ask those hon. Members who have given notice of amendments to this sub-clause, to move their amendments formally. The arguments in support of their amendments, they can offer later.

Shri M. Narayana Kurup : That can be done.

Shri T A. Thomman: (No. 209) Sir, I move :

In clause 2(47)(i), delete the following:

"but shall not include a person holding land under a transaction known as Irakkipanayam."

LIBRARY ARCHIVES Kerala Legislative Assembly

Shri K. K. Viswanathan: (No. 210) Sir, I move :

In clause 2(47) (i), in line 3, substitute the words "another person or the State" for the word "another" and substiute the words" (f) kuthakapattamdar" for sub-clause 47(i) (f).

Shri T. A. Thomman : (No. 213) Sir, I move:

In clause 2(47), delete sub-clause (f).

Mr. Speaker : Mr. Kurup, are you moving Amendment No. 217? It is covered by Amendment No. 216 of Shri R. Raghava Menon; but he has not moved it.

Shri M. Narayana Kurup : Because he has not moved that amendment, I am moving my amendment

(No. 217) In clause 2 sub-clause (47) (i) (h), delete the words 'or Odacharthudar' after 'Varomdar'.

Shri P. R. Madhavan Pillai : (No. 218) Sir, I move :

In clause 2(47) (i)(h) delete 'or odacharthudar or....under section 4' and add as (i) "odacharthudar or any person claiming under an odacharthudar entitled to fixity of tenure under section 4" and renumber.

Mr. Speaker : Shri Gopalan, your amendment is more complete than that of Shri Madhavan Pillai. Are you moving it?

Shri E. P. Gopalan : I will move it. This is my amendment:

No. (220) In clause 2(47) (h) delete the following words "or odacharthudar....section 4" and add the following as sub-section (k) of sub-clause (47)

"Odacharthudar or any person claiming under an odacharthudar entitled to fixity of tenure under section 4."

Shri K. Chandrasekharan : (No. 224) Sir, I move :

In clause 2, sub-clause (47) (i) add the following as (k) :—
"(k) the holder of a chalgeni lease".

No explanation is needed in regard to this amendment. Chalgeni is one of the well-known tenancies in the taluks of Hosdrug and Kasargod. It was for a long time termed as only a license. It has the misfortune.....

Mr. Speaker : Now that you have formally moved the amendment, you can take part in the discussion after the remaining amendments are also moved.

Shri P. R. Madhavan Pillai: (No. 225) Sir, I move :

In clause 2(47) (i), after (j) add a new sub-clause :

' (k) Mulagenidar"

Shri M. Narayana Kurup : (No. 227) Sir, I move ;

In clause 2(47)(i)(j), delete the words 'situate in Palghat District' occurring in the Explanation.

LIBRARY ARCHIVES Kerala Legislative Assembly

Shri K. Chandrasekharan : (No. 228) I move

In clause 2(47)(j), add after the word 'Irakkipanayam' a comma, and insert the following :

"or a melpattamdar under a transaction relating only to the usufruct of trees or a mere agent."

Mr. Speaker : Now Mr. Thomman, you can move your amendment.

Shri T. A. Thomman: (No. 24) Sir, I move :

Add as (k) in clause 2(47) (i) :
'mortgagee with possession with one or more of the following incidents :—

(a) the mortgaged property in waste land and there is provision for effecting permanent improvements thereon by the mortgagee or

(b) there is provision for renewal or there has been a renewal or renewals or

(c) there is provision for payment of michavaram, rent or customary dues or

(d) where the mortgagee has constructed a residential building in the property mortgaged and has been living therein and has effected improvements in the said property."

Shri M. Narayana Kurup : (No. 230) Sir, I move :

In clause 2 sub-clause (47) (ii) in explanation to the definition of 'cultivating tenant' delete the words 'cultivating' before 'tenant' in line one, transpose the word 'only' in the same line so as to come after 'cultivates' in the same line and delete the word 'only' in line three.

It is more or less a verbal amendment.

Shri E. P. Poulose : (No. 24). Delete (d) in the amendment of Shri T. A. Thomman

Shri N. E. Balaram : I move:

"In clause 2 sub-clause (47) (i) in the Explanation, delete the words or an agent in respect of any paddy land situate in Palghat District".

Mr. Speaker: All amendments now stand moved.

ശ്രീ. എം. നാരായണക്കുറുപ്പ് : ഞാൻ പറഞ്ഞുവന്നിരുന്നതു് ഇന്നു ചില കാലമായി ആരുടെയെങ്കിലും ആക്ഷേപംകൂടാതെ ഭൂമി കയ്യിൽവച്ചു് ദേഹണ്ഡങ്ങളുണ്ടാക്കി അനുഭവിച്ചുവരുന്ന ഒരു വിഭാഗത്തിനു് ഒരു പൊതുതത്വത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെ കൃഷിയായ്മാവകാശം കൊടുക്കാമെന്നുള്ളതാണു്. ഈ പ്രശ്നത്തെ അങ്ങനെ സമീപിക്കുന്നതിനു പകരം അങ്ങിങ്ങായി കിടക്കുന്ന ചില പ്രത്യേക ആളുകളുടെ കീഴിൽ ഉള്ളവരേയും ചില പ്രത്യേക സ്ഥലങ്ങളേയും തെരഞ്ഞെടുത്തു് ഭരണഘടനാവിരുദ്ധമാണോ എന്നു് സംശയിക്കത്തക്കവിധത്തിലും അങ്ങനെ വ്യാഖ്യാനിക്കാൻ ഇടയുള്ള തരത്തിലും ബില്ലിൽ ഭേദഗതികൊണ്ടുവരുന്നതു് ശരിയല്ലെന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

പ്രയത്നമിച്ചിട്ടുള്ളതു്. മറ്റൊരിടത്തു് ഓടച്ചാർത്തുകാരനു് എടുത്തുകൊടുക്കയണമെന്നു് ഒരു ദേഭഗതി ഞാൻ അവതരിപ്പിച്ചിട്ടുണ്ടു്. അങ്ങനെ പറയുമ്പോൾ ആ ഓടച്ചാർത്തുകാരന്റെ കീഴിലെ ഭൂമി കൈവശംവച്ചു് അഭിവൃദ്ധിപ്പെടുത്തി വന്നിട്ടുള്ള ആളുകൾക്കു് കൈവശാവകാശമോ കുടിയായ്മയോ കൊടുക്കരുതെന്നല്ല എന്റെ അഭിപ്രായം. അവർക്കു കൊടുക്കണം. എന്നാൽ ഭൂമി മുഴുവൻ ഇവരാണു എന്നു പറയുന്നതുപോലെ വലിയ വ്യവസായികരും കൂടി വെട്ടാനുള്ള അവകാശം രേഖാമൂലമായി വാങ്ങിച്ചു് മുഴുവൻ വെട്ടി കച്ചവടം ചെയ്തു് വലിയ ലാഭമുണ്ടാക്കിയശേഷം നിർദ്ദിരഹിതമായി ആ ഭൂമിയിൽ കൃഷി ചെയ്യാൻ അവർക്കും കുടിയായ്മ അവകാശം കൊടുക്കണമെന്നുള്ള തത്വത്തെ ഏതടിസ്ഥാനത്തിലാണു് ഈ ഗവണ്മെന്റു് ന്യായീകരിക്കുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇതുമാതിരി എഞ്ചിനീയർമാർക്കും ലൈസൻസികൾക്കും അവകാശം കൊടുക്കണമെന്നു പറയുന്നുണ്ടു്. അതു് മറ്റൊരു തത്വത്തിന്റെ അടിസ്ഥാനത്തിലാണു്. ഈ നിയമവും ഇതിനു മുമ്പുള്ള കുടിയായ്മനിയമവും ആലോചനയിലിരിക്കുന്ന വ്യവസ്ഥകളിൽ അതിലെ വ്യവസ്ഥകളെ പരാജയപ്പെടുത്താൻ പലതും ശ്രമിച്ചിട്ടുണ്ടു്. കൂടെ അടുകുറ്റം വിധിയിച്ചിട്ടുണ്ടു്. അക്കാലത്തു് കുടിയായ്മാവകാശമുണ്ടായിരുന്നതു് പിന്നീടു് എന്തെങ്കിലും സൂത്രം പ്രയോഗിച്ചു് ഇല്ലാതെയാക്കിയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ളവർക്കു് കുടിയായ്മാവകാശം കൊടുക്കണം. അതിനു് എന്താണു പോംവഴി. ഇന്നു് പല നിയമതടസ്സങ്ങളുമുണ്ടു്. അതിനു രേഖ രേഖ പ്രത്യേകതരത്തിൽ അതെന്തെന്നു പറയുന്നതെങ്കിലും അതിനെ മറിച്ചു് വ്യാഖ്യാനിക്കാനോ അതു് മറ്റൊരുതരത്തിലുള്ള രേഖയാണെന്നു തെളിയിക്കാനോ അതുമായി ബന്ധപ്പെട്ട കക്ഷികൾക്കു് അവകാശമില്ല. അങ്ങനെയുള്ള ഒരു സംരക്ഷണം, രേഖയുടെ സ്വഭാവം എന്തായിരുന്നാലും അക്കാലത്തു് അവർ കുടിയായ്മാവകാശം ഉള്ളവരായിരുന്നുവെന്നു തെളിയിക്കാൻ അധികാരം നൽകുകയും അങ്ങനെ തെളിയിക്കുന്നവരെ എല്ലാവരെയും കുടിയാന്മാരായി കണക്കാക്കുകയും വേണം. പൊതുവിൽ ഇത്തരം ഒരു സമീപനരീതിയാണു് കുടിയാന്മാരെ സംബന്ധിച്ചിടത്തോളം നാം അംഗീകരിക്കേണ്ടതു്. എന്നാൽ അതു രണ്ടും തത്വമെന്ന നിലയിൽ ഗവണ്മെന്റു് അംഗീകരിച്ചിട്ടില്ല. യഥാർത്ഥകൈവശക്കാർക്കു് കുടിയായ്മാവകാശം നൽകണമെന്ന നിലയിൽ ഓടച്ചാർത്തുകാരന്റെ കീഴിലുള്ളവർക്കു് അവകാശം അനുവദിക്കുന്നുണ്ടു്. ഇതുപോലെ മറ്റു പ്രദേശങ്ങളിൽ ഭൂമി കൈവശംവച്ചു് അനുഭവിച്ചുവരുന്ന ആളുകളുണ്ടെങ്കിൽ എന്തുകൊണ്ടു് അവർക്കു് ഈ അവകാശം അനുവദിച്ചുകൂടാ എന്നു് എനിക്കു മനസ്സിലാകുന്നില്ല. മുഴുവൻ മാത്രം ആയിരമേക്കർ കണക്കിൽ കൊടുത്തിട്ടുള്ള ഒരാളിനു് നാം കുടിയായ്മാവകാശം കൊടുക്കണം എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം നിസ്സാരമായ ഈ പാട്ടത്തിന്റെ 16 ഇരട്ടി കൊടുത്തു് ആ വ്യക്തിക്കു് ഭൂമി മുഴുവൻ വിലക്കു വാങ്ങാമെന്നാണു്. എന്റെ അഭിപ്രായത്തിൽ 90 ശതമാനവും ആ തത്വം ഭരണഘടനാവിരുദ്ധമാകാൻ ഇടയുണ്ടെന്നാണു്.

ശ്രീ. ഇ. പി. ഗോപാലൻ: ഓടച്ചാർത്തുകാരനു സ്ഥിരാവകാശം കൊടുക്കുന്നതു് ഭരണഘടനാവിരുദ്ധമാണു്. അതേയവസരത്തിൽതന്നെ ഓടച്ചാർത്തുകാരന്റെ കീഴിൽ ഭൂമി കൈവശംവച്ചിട്ടുള്ള കൃഷിക്കാർക്കു് അവകാശം കൊടുക്കേണ്ടതാണെന്നും പറയുന്നു. ഇതു് ഭരണഘടനാവിരുദ്ധമാകയില്ലേ?

ശ്രീ. എം. നാരായണക്കുറുപ്പ്: എന്റെ അഭിപ്രായത്തിൽ കടുവിൽ പറഞ്ഞതു് ഭരണഘടനാവിരുദ്ധമായിരിക്കും. അതുകൊണ്ടാണു് ഞാൻ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. ബഹുമാനപ്പെട്ട മെമ്പർ മലബാർ കുടിയായ്മ നിയമത്തിലേക്കു് ഒന്നു കണ്ണോടിച്ചാൽ കൈവശപ്പണയം കൊടുത്തിട്ടുള്ളതു് ഴിപ്പിച്ചുകൊടുക്കണം കൈവശപ്പണയക്കാരൻ പാട്ടം ഘൽപ്പിച്ചിട്ടുണ്ടെങ്കിൽ ആ പണയം ഒഴിപ്പിച്ചാൽ അവനു സ്ഥിരാവകാശമുണ്ടെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടായി കാണാം. ആ നിലയിൽ ഓടച്ചാർത്തുകാരനു് അധികാരം

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലെന്നും ഉത്തമവിശ്വാസത്തോടുകൂടി കീഴിൽ കൈവശംവച്ച് അനുഭവിക്കുന്ന ആളുകൾക്ക് അധികാരമുണ്ടെന്നും പറയുന്നതിനു് എന്റെ അഭിപ്രായത്തിൽ യാതൊരു വിരോധാഭാസവുമില്ല.

ശ്രീ. സി. എച്ചു്. കണാരൻ : ഓടച്ചാർത്തുകാരൻ തന്നെ കൃഷി ചെയ്തിട്ടുണ്ടെങ്കിൽ കൊടുക്കാമോ ?

ശ്രീ. എം. നാരായണക്കുറുപ്പു് : അതു പാടില്ലെന്നായിരുന്നു ഞാൻ ഇതുവരെ പറഞ്ഞുവന്നിരുന്നതു്. ഓടച്ചാർത്തുകാരന്റെ കീഴിൽ കൃഷി ചെയ്യുന്ന ആളിനു് ഓടച്ചാർത്തുകാരന്റെ അധികാരം എന്താണെന്നു് അറിഞ്ഞുകൂടാ.. അതേയവസരത്തിൽ മുളമാത്രം വെട്ടാനുള്ള ഒരധികാരം രേഖാമൂലം വാങ്ങിക്കൊണ്ടു് അയാൾ അതിൽ കൃഷി ചെയ്യുന്നുവെങ്കിൽ എന്തൊരു ഉത്തമവിശ്വാസമാണു് അതിലുള്ളതെന്നു് ഞാൻ ചോദിക്കുകയാണു് ?

ശ്രീ. ഇ. പി. ഗോപാലൻ : എനിക്കു് കിട്ടാത്ത അധികാരം ഞാൻ വേറൊരാൾക്കു് കൊടുത്തുകൂടെന്നു നിയമമില്ലേ ?

ശ്രീ. എം. നാരായണക്കുറുപ്പു് : ബഹുമാനപ്പെട്ട മെമ്പർ മുമ്പു് ചോദിച്ച ചോദ്യമാണിതു്. അതിനു ഞാൻ ഉത്തരം പറഞ്ഞിട്ടുണ്ടു്.

പിന്നെ ബഹുമാനപ്പെട്ട അഡ്വക്കേറ്റു് ജനറൽ ഭരണഘടനയിലെ 31 എ-അനുസരിച്ചാണു് ഈ ഗവണ്മെന്റു് ഭൂമി എടുക്കുന്നതെങ്കിൽ പ്രതിഫലത്തിന്റെ പ്രശ്നംതന്നെ ഉത്ഭവിക്കുന്നില്ലെന്നു സൂചിപ്പിക്കുകയുണ്ടായി. എനിക്കു് അതിനു് ഒരു വാക്കു മാത്രമേ പറയാനുള്ളൂ. ആരുടെ അവകാശം ഇല്ലായ്മ ചെയ്യുന്നോ ആ ആളിനും ഭൂമി കൈവശം ഇരിക്കുന്ന ആളിനും തമ്മിൽ ഇണക്കിടിയാൻ ബന്ധം വേണം. അതുകൊണ്ടു കുടിയായ്മ സൃഷ്ടിച്ചുതന്നെ ഭരണഘടനയുടെ വിധേയമായിട്ടല്ലെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ 31 എ വകുപ്പുപ്രകാരം ന്യായീകരിക്കാൻ ഇടയില്ലെന്നാണു് ഞാൻ പറയുന്നതു്. ബഹുമാനപ്പെട്ട മെമ്പറന്മാർ പലരും ഉന്നയിച്ച സംശയത്തിനു് ഒരു പരിഹാരമുണ്ടാക്കാൻ വേണ്ടിയാണു് ഞാൻ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. അപ്പോൾ ആരുടെ കീഴിൽ ആരു നിൽക്കുന്നുവെന്നുള്ള പ്രശ്നമേ ഉത്ഭവിക്കുന്നില്ല. ഉത്തമവിശ്വാസം ഓടച്ചാർത്തുകാരനുണ്ടെങ്കിൽ അയാൾക്കു കുടിയാനാകാം. കീഴിൽ പ്രവർത്തിച്ച ആളാണെങ്കിൽ ആ നിലയിൽ കുടിയായ്മ കിട്ടും. ഒരു പേരും പറയാതെ കൈവശം വച്ചു് ഭോഗണ്ഡിച്ചിട്ടുള്ള വർക്കും ആ അവകാശം കിട്ടും. ഈ ഭേദഗതിയുടെ തത്വം പുതുതായിട്ടുള്ളതുണ്ടെന്നു നമുക്കറിയാം. നമ്മുടെ കേരള കാമ്പൻസേഷൻ ഫാർ ടെനൻസ് ഇംപ്രൂവുമെന്റു് ആക്ടിലും മലബാറിലെ കുടിയായ്മ ഭോഗണ്ഡപ്രതിഫല നിയമത്തിലും ഈ രീതിയിൽ കുടിയാന്മാരുടെ നിവ്വചനം ഉൾക്കൊള്ളിച്ചിട്ടുണ്ടു്. അതു സ്വീകരിച്ച കാലത്തുതന്നെ വിപ്ലവകരമായ ഒരു നിവ്വചനമാണെന്നു സമ്മതിച്ചുകഴിഞ്ഞിട്ടുണ്ടു്. അങ്ങനെ ഈ ഭേദഗതി സ്വീകരിച്ചുകഴിഞ്ഞാൽ ഓടച്ചാർത്തുകാരന്റെയും മറ്റു അനേകം കുഴപ്പങ്ങളും ഇല്ലാതായിത്തീരുമെന്നാണു് എന്റെ അഭിപ്രായം. ആ ലക്ഷ്യം വച്ചുകൊണ്ടാണു് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഓരോ പ്രത്യേക കേസ്സിലും അതാതു കേസ്സിന്റെ എവിഡൻസ് അനുസരിച്ചല്ലേ കോടതികൾ തീരുമാനിക്കുന്നതു് ?

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ ബില്ലിലും അംഗീകരിച്ചിട്ടുള്ളതു് അങ്ങനെയാണു്. ഒരു ഓടച്ചാർത്തു് എടുത്തു നിയമം ഉണ്ടാക്കാൻ പാടില്ല. അങ്ങനെ വരുമ്പോൾ പല ദുർവ്യാഖ്യാനങ്ങളും ഭരണഘടനാപ്രശ്നങ്ങളും നേരിടും. ഓടച്ചാർത്തു് എടുത്തുകളയണമെന്നുള്ള ഭേദഗതി ഈ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണു്. അതിനെപ്പറ്റി കൂടുതൽ പറയണമെന്നു വിചാരിക്കുന്നില്ല. 230-ാമത്തെ ഭേദഗതി ഒരു വെർബൽ ഭേദഗതിയാണു്,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

ഞാൻ പറഞ്ഞ വാക്ക് മാറ്റി വച്ചാലാണ് തുടർന്ന് ഭേദഗതിയെന്ന വിചാരിക്കുന്നു. അതു മാത്രമേ അതു സംബന്ധിച്ച് പറയാനുള്ളൂ. അതുകൊണ്ട് എന്റെ ഭേദഗതി അംഗീകരിക്കുന്നതു് ഈ ബില്ലിൽ മറ്റു വിഭാഗത്തിലുണ്ടാകാവുന്ന പല കുഴപ്പങ്ങൾക്കും ഒരു പരിഹാരമായിത്തീരുമെന്നുള്ള നിലയിൽ ഭേദഗതി ഞാൻ സഭാമുമ്പാകെ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അദ്ദേഹം പുറപ്പെടുവിച്ച ചില തത്വങ്ങളോട് യോജിക്കാൻ തയാറാണ്. അതേ അവസരത്തിൽ ഈ ഭേദഗതി അംഗീകരിച്ചാൽ പല വിഷമതകളും ഉണ്ടാകും.

" or one in occupation of land of another in good faith and willing to pay rent or other consideration for such occupation to the rightful person".

അപ്പോൾ അന്യരുടെ സ്ഥലം കൈവശം കിട്ടുക, പാട്ടം കൊടുക്കാൻ തയാറാണെന്നു പറയുക, ഇതെല്ലാം കാര്യങ്ങളും ചെയ്യുകയാണെങ്കിൽ അർക്കും അതുടനെയും ഭൂമി കിട്ടും. ഇതു് ഇങ്ങനെ അംഗീകരിച്ചാൽത്തന്നെയും ബലം പ്രയോഗിച്ച് കേറിയതാണെന്നു തെളിവു കൊടുക്കാൻ കഴിയും. അപ്പോൾ അങ്ങനെയല്ലെന്നു തെളിയിക്കേണ്ടിവരും. ഏതു തരത്തിലായാലും ഭൂമിയിൽ പ്രവേശിച്ച് ഗുഡ്ഫെയിത്ത് ഉണ്ടെന്നു് കോടതിയെ ബോധ്യപ്പെടുത്തിയാൽ അയാൾ ടെനന്റാകും.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഇത്തരത്തിലുള്ള ഒരു ഡെഫനിഷൻ കാമ്പൻസേഷൻ ഫാർ ടെനന്റ്സ് ഇംപ്രൂവ്മെന്റ് ആക്ടിലും മലബാർ ടെനന്റ് കാമ്പൻസേഷൻ ആക്ടിലും ഉള്ളതിന്റെ അടിസ്ഥാനത്തിൽ അത്തരം കുടികളെ ടെനന്റായി പരിഗണിക്കണമെന്നു് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കുണ്ടാരൻ ഒരു ഭേദഗതി കൊണ്ടുവന്നിട്ടില്ലേ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഒരാൾ ഇംപ്രൂവ്മെന്റ് ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിനു പ്രതിഫലം കൊടുക്കണം. അങ്ങനെ ഒരാൾ ദേഹണ്ഡം ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിനു പ്രതിഫലം കൊടുക്കണമെന്നേയുള്ളൂ. ഇവിടെ ഒരാളുടെ വസ്തു കൈവശം ഉണ്ട്. അതിനു ഗുഡ്ഫേത്ത് ഉണ്ടെങ്കിൽ അതിന്റെ ഉടമാവകാശം കിട്ടുകയാണു് ചെയ്യുന്നതു്. ഇതു് ലാലസ് നെസ് ഉണ്ടാക്കാൻ ഒരു പ്രേരണ നൽകുകയാണു്. ഈ രാജ്യത്തുള്ള എല്ലാ അളുകൾക്കും ഈ പറയുന്ന വ്യവസ്ഥകൾ ശരിയായി തെളിയിക്കാൻ സാധിച്ചാൽ....

ശ്രീ. എം. നാരായണക്കുറുപ്പ്: യാതൊരു അധികാരവുമില്ലാതെ അന്യന്റെ ഭൂമിയിൽ പ്രവേശിച്ചു് കഴിഞ്ഞാൽ അതിനു് കൂടിയായ്മ കൊടുക്കുന്നതു് ലാലസ് നസ്സിനു് പ്രേരിപ്പിക്കുകയല്ലേ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അങ്ങനെ അവകാശം കൊടുത്തിട്ടില്ല. ഡെനന്റിന്റെ ഡെഫനിഷനിൽ നമുക്കു ഉൾപ്പെടുത്താവുന്ന എല്ലാത്തരത്തിലുള്ള കൂടിയായ്മ ബന്ധങ്ങളേയും കണക്കിലെടുത്തുകൊണ്ടാണു് കൂടിയായ്മാവകാശം കൊടുത്തിട്ടുള്ളതു്. ശ്രീ. നാരായണക്കുറുപ്പ് പറഞ്ഞതുപോലെ യഥാർത്ഥ ഉടമസ്ഥനാരാണെന്നറിയാൻ കഴിയില്ല. അങ്ങനെ ചില പ്രത്യേക കേസ്സുകളും വന്നേക്കാം. രണ്ടുപേരും കൂടി വസ്തുവിന്റെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ചു കേസ്സു് കൊടുത്താൽ മതി, അവിടെ തർക്കം ഉണ്ടായി. ഒടുവിൽ കോടതി വിധിക്കുന്ന ആളിനു അവകാശം കിട്ടും.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇവിടെ ബോണഫൈഡി എന്നു പറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ശരിയാണ്. ഡ്രാഫ്റ്റ് ചെയ്ത എന്നു പറഞ്ഞിട്ടുണ്ട്. നല്ലവണ്ണം കേസ് നടത്താനറിയാവുന്നവർക്കു നാം ഉദ്ദേശിക്കാത്ത ഫലം ഇതുകൊണ്ടുണ്ടാകും. സംരക്ഷണം നൽകണമെന്നുള്ളവർക്ക് അതു നൽകുന്നതിനുള്ള കരുതൽ കൂടി എടുക്കേണ്ടതുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ടെനൻറിന്റെ ഡെഫനിഷൻ ഇങ്ങനെയാണ്.

"tenant" means any person who has paid or has agreed to pay rent or other consideration, for his being allowed by another to possess and to enjoy the land of the latter, and includes.—

ഇവരെയെല്ലാവരേയും ചേർത്തു കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം ചേർത്തു കഴിഞ്ഞതിനുശേഷം ഈ പേർ വരുന്ന വേറെ ഏതെങ്കിലും ടെനൻറ് ഉണ്ടോ എന്നറിയുവാൻ പ്രയാസമാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇൻക്ലൂഡ്സ് (includes) എന്നു് ഒരു ഡെഫനിഷൻ കൊണ്ടുവന്നാൽ അവിടേയും കുഴപ്പമുണ്ടാകാം. കുറി കൊട്ടി വേറൊരെ തന്നെ എടുക്കുക. ബോംബെ ആക്ടിലുള്ളതുപോലെയുള്ള ടെനൻറിന്റെ ഡെഫനിഷൻമാത്രം എടുത്താൽ അതു് അപര്യാപ്തമായിരിക്കും. ഇൻക്ലൂഡ്സ് എന്നു പറഞ്ഞാൽ കുറി കൊട്ടിവേറൊഴ്സും അതുപോലുള്ള വരുമൊക്കെ ടെനൻറാകും. ഇതിൽപ്പെടാതെ ആരെങ്കിലുമുണ്ടെങ്കിൽ ഈ പൊതുനിർവചനംകൊണ്ടു അവർക്കും രക്ഷയുണ്ട്. ഉദാഹരണമായി ഓടച്ചാർത്തിനെപ്പറ്റിതന്നെ എടുക്കുക. ഓടച്ചാർത്തു കൊടുക്കുന്നതു തന്നെ മുളവെട്ടാനാണ്. മുളയ്ക്കു പകരം മരം വെട്ടാനാണ് ചാർത്തു കൊടുക്കുന്നതെങ്കിൽ അങ്ങിനെയുള്ള ഒരാൾ അവിടെ കൃഷിചെയ്താൽ ടെനൻറാകുകയില്ല. പിന്നെ ജീവനാംശം എന്ന നിലയ്ക്കു ഭൂമി കൊടുത്തിട്ടുണ്ടാകും. മരിച്ചാൽ കിട്ടുകയില്ല. അവകാശികൾ ആ വിവരം അറിഞ്ഞിട്ടുണ്ടായിരിക്കുകയുമില്ല. അവർ അവരുടെതന്നെ സങ്കല്പത്തിൽ ഉത്തമവിശ്വാസത്തോടുകൂടി അവിടെ കൃഷിചെയ്തുകൊണ്ടിരിക്കും.

" or one in occupation of land of another in good faith and willing to pay rent or other consideration for such occupation to the rightful porson"

ഈ ഡെഫനിഷൻ അതേ നിലയിലിരിക്കുകയാണ്. റെൻറാകൺസിഡറേഷനോ കൊടുക്കുന്ന ആളിനെ മാത്രമേ അതു ബാധിക്കു. നാം ഉദ്ദേശിക്കുന്നതുപോലെ ഉത്തമവിശ്വാസത്തോടുകൂടി സ്ഥിരമായി കൈവശാവകാശം വച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കൊന്നും ഇതുകൊണ്ടു യാതൊരു ഗുണവും കിട്ടുകയില്ല. അതുകൊണ്ടാണ് ഈ ഭേദഗതി ആവശ്യമായി വരുന്നതു്.

Shri T. A. Thomman : I wish to support the amendment (No. 207) moved by Shri Narayana Kurup.

ഇങ്ങനെയുള്ള കേസുകൾ ഉണ്ടായിട്ടാണു മലബാർ ടെനൻസി ആക്ടിലും ഈ നിയമസഭ പാസാക്കിയ കാമ്പൻസേഷൻ ആഫ് ഇംപ്രൂവുമെൻറാക്ടിലും ഈ വ്യവസ്ഥയുള്ളതു്. ശ്രീ. ചന്ദ്രശേഖരൻ നായർ അഭിപ്രായപ്പെട്ടതു് എവിഡൻസിനു പ്രയാസമാകുമല്ലോ, അതുകൊണ്ടു അങ്ങനെ ഒരു വ്യവസ്ഥ വേണ്ട എന്നാണ്. നമ്മുടെ ആവശ്യം ഒരു സബ്സ്റ്റാൻഷ്യൽ ലാ എനാക്ട് ചെയ്യുവാനാണ്. പ്രൊസീഡ്യൂർ ലാ അല്ല. ഇവിടെ ഇങ്ങനെയുള്ള് ആളുകളുണ്ടോ ഉണ്ടെങ്കിൽ അവർക്കു സംരക്ഷണം കൊടുക്കണമോ എന്നുള്ളതാണു പ്രശ്നം. തെളിവുകൊടുക്കാൻ പ്രയാസമുള്ളതുകൊണ്ടു് അവർക്കു യാതൊരു അവകാശവും കൊടുക്കേണ്ടെന്നു പറയുന്നതു ശരിയല്ല. ഒരാളിനു 8 ഏക്കർ സ്ഥലമായിരിക്കും പാട്ടത്തിനു കൊടുത്തിരിക്കുന്നതു്. അയാളുടെ കയ്യിൽ പത്തേക്കർ സ്ഥലമുണ്ടായിരിക്കും. കൂടുതലുള്ള രണ്ടേക്കർ വാസ്തവത്തിൽ പാട്ടവ്യവസ്ഥയിലല്ലായിരിക്കും അയാൾ അനുഭവിക്കുന്നതു്. അയാളുടെ കൂടുതൽ കൈവശമുള്ള രണ്ടേക്കറിനും അയാൾക്കു് അവകാശം കൊടുക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. എ. തൊമ്മൻ]

തല്ല. വേറെ ചില കേസുകൾ ഉണ്ട്. 'എ' യുടെ ഭൂമി 'ബി' ക്ക പാട്ടത്തിന കൊടുക്കുന്നു. 'ബി' അതു കൃഷിചെയ്തു കഴിഞ്ഞതിനശേഷമാണ് മനസ്സിലാക്കുന്നത് അതു യഥാർത്ഥത്തിൽ 'എ' യുടെ അല്ല. 'സി' യുടെ ഭൂമിയാണെന്നു്. അങ്ങനെയുള്ള കേസുകൾ ധാരാളമുണ്ട്. ബി-യെപ്പോലുള്ളവർക്ക് സംരക്ഷണം കൊടുക്കണ്ടേ. പ്രത്യേകിച്ചും മലംപ്രദേശങ്ങളിൽ വസ്തുക്കളൊന്നും പ്രത്യേകമായി സർവ്വെ ചെയ്യാതിരുന്ന കാലത്തു് ഇങ്ങനെയുള്ള അതിർത്തിതർക്കങ്ങൾ വരാറുണ്ട്. ഈ ബില്ലനുസരിച്ച് പണ്ടെങ്ങാണ്ടു ചേരിക്കൽ കൃഷിയൊ, പുനംകൃഷിയൊ നടത്തിയെന്നുള്ളതുകൊണ്ട് അങ്ങനെ കൃഷിചെയ്ത ആളിനെ വിളിച്ചുവരുത്തി അവർക്ക സർവ്വാവകാശവും കൊടുക്കുകയാണ്. വാരക്കാർക്ക സർവ്വാവകാശം കൊടുക്കാൻ പോവുകയാണ്. വാരക്കാർക്കും പുനംകൃഷിക്കാർക്കും കൊടുക്കുന്ന അവകാശം ഉത്തമവിശ്വാസമായി ഭൂമി കൈവശംവച്ച് കൃഷിചെയ്യുന്നവർക്ക കൊടുക്കേണ്ടതല്ല. ഗ്രൂപ്പ് തെയ്ത്തു് എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു വിഷമങ്ങളൊന്നുമില്ല. മലബാറിൽ ഇങ്ങനെയൊരു സമ്പ്രദായമുണ്ടായിരുന്നു. അതിനെപ്പറ്റി അവിടത്തെ കോടതികളും പല വ്യാഖ്യാനങ്ങളും നൽകീട്ടുണ്ട്. ഈ ഭേദഗതി സ്വീകരിച്ചാൽ പ്രത്യേക വിഷമങ്ങളൊന്നും വരുന്നതല്ല. യഥാർത്ഥത്തിൽ ഭൂമിയിൽ അവകാശം കൊടുക്കുന്നതു് ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവർക്കുവേണം. അതുകൊണ്ടു ഞാൻ ആ ഭേദഗതിയെ പിൻതാങ്ങുകയാണ്.

അടുത്തതായി, ഞാൻ അവതരിപ്പിച്ച 209-ാംനമ്പർ ഭേദഗതിയാണ് മറ്റുള്ള ആളുകൾക്ക ടെനൻസി റൈറ്റ് കൊടുക്കുന്നതുകൊണ്ടു ഇറക്കിപ്പണയക്കാരനും കൊടുക്കേണ്ടതാണ്. പുനംകൃഷിക്കാരനേയും വാരക്കാരനേയും കാൾ ദുർബലനായ ഒരു ടെനൻറല്ല ഇറക്കിപ്പണയക്കാരൻ. അതുകൊണ്ടു ഇറക്കിപ്പണയക്കാരനെ ഒഴിവാക്കിയിരിക്കുന്ന എന്ന വ്യവസ്ഥ ഒഴിവാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

അടുത്തതു് 24-ാംനമ്പർ ഭേദഗതിയാണ്. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഒറ്റിയിടപാടു വളരെയധികമുണ്ട്. രണ്ടു ജാതി ഒറ്റികളാണ് ഈ രാജ്യത്തുള്ളതു്. ഒന്നു പണം ആവശ്യമുള്ളവൻ, പണക്കാരനായ ഒരാളിനു വസ്തു ഒറ്റികൊടുത്തു പണം വാങ്ങിക്കുകയും പണം കൊടുത്തയാളിനു വസ്തു കൈവശം കൊടുക്കുകയും ചെയ്യുക. ഇങ്ങനെയുള്ള ഇടപാടിൽ ഒറ്റികൊടുത്തവനും വാങ്ങിയവനും തമ്മിലുള്ള ബന്ധം ഉത്തമർണ്ണനും അധമർണ്ണനുമായുള്ള ബന്ധമാണ്. എന്നാൽ ഇതല്ലാതെ കൂടിയാനും ജന്മിയുമെന്ന നിലയിൽ എത്രയോ ഒറ്റി ഈ നാട്ടിലുണ്ട്. സ്വന്തമായി ഭൂമിയില്ലാത്തയാളുകളും വസ്തു ധാരാളമുള്ള ആളുകളോടു ദേഹണ്ഡം അധികമൊന്നുമില്ലാത്ത ഒരു സ്ഥലം ചെറിയ ഒരു പ്രതിഫലംകൊടുത്തു വാങ്ങി കൈവശംവച്ചനുഭവിച്ച് വളരെ വിലപിടിപ്പുള്ള ദേഹണ്ഡം ചെയ്യുകയും അവിടെ സ്ഥിരമായി താമസിക്കുകയും ചെയ്യുന്നുണ്ട്. അങ്ങിനെയുള്ള ഇടപാടുകൾ മദ്ധ്യതിരുവിതാംകൂറിലും വടക്കൻ തിരുവിതാംകൂറിലും ധാരാളമുണ്ട്. ഇങ്ങനെയുള്ള ഒരു കാര്യത്തിനു വേണ്ടിയാണ് ബഹുമാനപ്പെട റവന്യൂമന്ത്രി ഇവിടെ സൂചിപ്പിച്ച ആ തൊപ്പിപ്പാള പ്രക്ഷോഭണം ഉണ്ടായതു്.

ഈ വ്യത്യാസം ഈ നിയമസഭ പാസ്സാക്കിയ 1958-ലെ
12 Noon] കേരള കാർഷികാശ്വാസ നിയമത്തിലും ഉണ്ട്. 1958-ലെ കട നിവാരണ ആക്ടിൽ ഒറ്റിയെ സംബന്ധിച്ചു് ചില വ്യവസ്ഥകൾ ഉണ്ട്. 11-ാംവകുപ്പ് അങ്ങനെയുള്ള ഒരു വ്യവസ്ഥയാണ്.

"Section 11. Special provision in respect of usufructuary mortgages by Agriculturists.—

(1) Subject to the provisions of Section 25, this Section applies to all substantial mortgages."

എന്നു പറയുന്നുണ്ട്. കടനിവാരണനിയമത്തിൽ ഒറ്റിയെ രണ്ടായിട്ടു തിരിച്ചിരിക്കുകയാണ്. അതിൽ ഒന്നു് ഉത്തമർണ്ണൻ, അധമർണ്ണൻ എന്ന ബന്ധ

LIBRARY ARCHIVES Kerala Legislative Assembly

മുള്ള ഒറിയാണു്. അങ്ങനെയുള്ള കടം തവണകളായിട്ടു അടച്ചു തീർക്കുവാൻ അനുവാദമുണ്ടു്. ഉത്തമർണ്ണൻ അധമർണ്ണൻ എന്നബന്ധമുള്ള ഒറിയെ സംബന്ധിച്ചു് ഇങ്ങനെ പറഞ്ഞിട്ടുണ്ടു്.

Section 25. "Nothing contained in this Act shall apply to mortgages having any one or more of the following incidents:—

(a) The mortgaged property is waste land and there is provision for effecting permanent improvements thereon by the mortgagee; or

(b) there is porvision for renewal or there has been a renewal or renewals; or

(c) there is provision for payment of Michavaram, rent or customary dues; or

(d) where the mortgagee has constructed a residential building in the property mortgaged and has been living therein and has effected improvements in the said property."

ഇങ്ങനെയുള്ള ഒറികളും ഒഴിച്ചുള്ള മറ്റു ഒറികളെ ഒഴിച്ചുനിറുത്തിയാൽ അതു അപകടമാണെന്നു് കരുതിയിട്ടു കടനിവാരണ ആക്ടിന്റെ പരിധിയിൽ പെടുത്തിയിട്ടുണ്ടു്. ഈ നിയമസഭതന്നെ ഒറിയെ രണ്ടായി തരംതിരിച്ചിട്ടുണ്ടു്. എന്നാൽ 29–ാംവകുപ്പിൽ പറഞ്ഞിട്ടുള്ള ഒറികളും ഉത്തമർണ്ണൻ അധമർണ്ണൻ എന്നുള്ള ബന്ധമുള്ളതുകൊണ്ടു് അതു ചേർക്കുവാൻ പാടില്ലായെന്നു പറയുന്നു. ഉത്തമർണ്ണൻ അധമർണ്ണൻ എന്ന ബന്ധമല്ലാതെ ജന്മികുടിയാൻ ബന്ധമുള്ള ഒറിക്കാരെ ടെനൻറായിട്ടു് പരിഗണിക്കണമെന്നാണു് എന്റെ ഭേദഗതി. ഇതുകൊണ്ടു് ആർക്കും ഒരു ദോഷവും വരുവാനില്ല. ഉത്തമർണ്ണൻ അധമർണ്ണൻ എന്ന ബന്ധത്തോടുകൂടി തുടങ്ങിയിട്ടുള്ള ഒറിയാണെങ്കിൽ, പണത്തിനുവേണ്ടി ഒറികൊടുത്തിട്ടുള്ള ആളുകൾക്കു കുറച്ചു വിഷമമുണ്ടാകും. നേരെമറിച്ചു് കുടിപാർപ്പിനും, ദേഹണ്ഡത്തിനുംവേണ്ടി ഒറിവാങ്ങിച്ചിട്ടുള്ള ആളുകൾക്കു് ഇങ്ങനെയുള്ള അവകാശം കൊടുത്തില്ലെങ്കിൽ അതു് വലിയ കഷ്ടമായിരിക്കും. പത്തുപതു് കൊല്ലം വസ്തു കൈവശംവച്ചു ദേഹണ്ഡിക്കുന്ന ആളുകൾക്കു് ടെനൻസി അവകാശം കൊടുക്കുകയില്ലെന്നു് പറയുന്നതു് കഷ്ടമാണു്. കൂട്ടനാട്ടിലെ ലൈസൻസു കൃഷിക്കാർക്കും പുനംകൃഷിക്കാർക്കും ടെനൻസിന്റെ അവകാശം കൊടുക്കുകയാണു് ഈ ബില്ലിൽ. അവരുടെ അവകാശത്തേക്കാൾ കുറഞ്ഞതല്ലല്ലോ, ഒറിക്കാരുടെ അവകാശം അതുകൊണ്ടു് ഞാൻ എന്റെ ഭേദഗതി സഭയുടെ അംഗീകരണത്തിനായി അവതരിപ്പിച്ചുകൊള്ളുന്നു.

ഈ സബ്ബ് ക്ലാസിൽ '(6) punom or kumri cultivator' എന്നുള്ളതു് എടുത്തുകളയണം എന്ന ഭേദഗതിയും ഞാൻ അവതരിപ്പിച്ചിട്ടുണ്ടു്. പുനം, കുമ്രി, കൃഷിക്കാർക്കു് ടെനൻസ അവകാശം. കൊടുക്കരുതു് എന്നുള്ളതാണു് ഈ ഭേദഗതി. ഇതിനെപ്പറ്റി ഇതിനുമുമ്പു ഇവിടെ പറഞ്ഞിട്ടുള്ളതാണു്. അതുകൊണ്ടു കൂടുതലായി ഇപ്പോൾ ഒന്നും ഞാൻ പറയുന്നില്ല. സബ്ബ് ക്ലാസ്സു് 40 പിന്നീടുള്ള പരിഗണനക്കായി മാറ്റിവച്ചിട്ടുള്ളതുകൊണ്ടു് അതിനെക്കുറിച്ചു് മന്ത്രിയുടെ മറുപടി കേട്ടതിനുശേഷം മാത്രമേ പറയുവാൻ സാധ്യമുള്ളൂ. പുനംകൃഷിയുടെ നിർവ്വചനത്തെപ്പറ്റി പറയുന്നതു കേട്ടാൽ മാത്രമേ അതിനെപ്പറ്റി പറയുവാൻ തരമുള്ളൂ.

ശ്രീ. സി. എച്ചു്. കണാരൻ: സർ, ഓടച്ചാർത്തുകാർ അപകടക്കാരായി വരുന്ന വിധത്തിൽ ഇവിടെ സംസാരിച്ചു് കാണുന്നുണ്ടു്. വാസ്തവത്തിൽ ഓടച്ചാർത്തു കിട്ടിയിട്ടുള്ള ആളുകളും കൊടുത്തിട്ടുള്ള ആളുകളും തമ്മിൽ രേഖാമൂലമല്ലാത്ത വിധത്തിൽ കരാറുകളും നടന്നിട്ടുണ്ടു്. ഓടച്ചാർത്തു കൊടു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. കണാരൻ]

ത്തിട്ടുള്ള ഭൂമിയും കിട്ടിയിട്ടുള്ള ആളും തമ്മിൽ പരസ്പരം ഒരു ധാരണയിൽ ചെയ്തിട്ടുള്ള കരാറുകളും ഉണ്ട്. രേഖയിൽ കാണിക്കാതെ ആവശ്യമായ പ്രതിഫലം ഭൂമി വാങ്ങിച്ചിട്ടുണ്ട്. ഇങ്ങനെ പരസ്പരം സമ്മതിച്ചുകൊണ്ട് ഓടച്ചാർത്തു ചില ആളുകളൊക്കെ കൊട്ടത്തിട്ടുണ്ട്. രണ്ടുപക്ഷംകൂടി ഗവണ്മെൻറിനെ തോൽപ്പിക്കുവാൻവേണ്ടി ചെയ്തിട്ടുള്ള ഒരു ഇടപാടാണ് ഇത്. അതുകൊണ്ട് ഒരാൾ സത്യസന്ധനും മറ്റൊരാൾ മര്യാദയില്ലാത്ത ആളുമായിത്തീരുന്നതു ശരിയല്ല. മി. നാരായണക്കുറുപ്പ് ഓർക്കാതെ അതു പറഞ്ഞതാണെന്ന് എനിക്കു ബോദ്ധ്യമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: രണ്ടുകൂട്ടരും മായിച്ച് അങ്ങനെ ഒരു കരാർ ചെയ്തിട്ടുണ്ടെങ്കിൽ പ്രതിക്ക് അതിനു അവകാശമില്ലെന്നു അറിയാമോ?

ശ്രീ. സി. എച്ച്. കണാരൻ: ഇതേവരെ കൃഷി ചെയ്തിട്ടുള്ള ഒരാൾക്ക് ആ ഭൂമിയിൽ ഇനിയും കൃഷി ചെയ്യുവാനുള്ള അവകാശം കൊടുക്കണം എന്നുള്ള തത്വം അംഗീകരിക്കുകയാണെങ്കിൽ ഓടച്ചാർത്തുകാർക്കും ആ അവകാശം കൊടുക്കണം.

ഭേദഗതി ഈ രൂപത്തിൽ തന്നെ വേണമോ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ഏതായാലും ഇതിനു ഒരു പ്രത്യേക വ്യവസ്ഥ ആവശ്യമാണ്. മലബാറിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അയിരക്കണക്ക് ഏക്കർ ഭൂമി ഈ വിധത്തിൽ കൃഷി ചെയ്തുവരുന്നുണ്ട്. വടയാർ എന്ന സ്ഥലത്തു് അയ്യിരം ഏക്കർ കണക്കിനു ഭൂമിയിൽ ഇപ്രകാരം കൃഷി നടത്തുന്നുണ്ട്. ഈ സ്ഥലത്തിൻറെ ഉടമി ആരാണെന്നു ഇതുവരെയും തീർച്ചയില്ല. കൂടിയാൻ കൊടുത്തിട്ടുള്ള പ്രതിഫലത്തിനു് ചിലതിനു രേഖയുണ്ടാകും. ചിലതിനു രേഖയുണ്ടാകയില്ല. ആദ്യം 20–25 ഏക്കർ ഭൂമി വാങ്ങി കൃഷി നടത്തും. ആദ്യമേ പാട്ടം നിശ്ചയിക്കുന്ന പതിവില്ല. കുറെ ഭൂമി എടുത്തു് വെച്ചുകുറെ ദേഹണ്ഡങ്ങളും ചെയ്തുകഴിയുമ്പോഴാണ് പാട്ടം നിശ്ചയിക്കുന്നതു്. അങ്ങനെ ഭൂമി കൈവശം വച്ചു ഇതുവരെ കൃഷി നടത്തിയിട്ടുള്ള ആൾക്ക് ആ കിട്ടത്തക്കവണ്ണം ഒരു വകുപ്പു് ഇതിൽ ആവശ്യമാണ്. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ പറഞ്ഞതുപോലെ ഒരു വകുപ്പു വേണമെന്നാണ് എൻറെ വിചാരം. മലബാറിലെ ചില പ്രദേശങ്ങളും ഒന്നു് ചെന്നു നോക്കണമെന്നാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: യഥാർത്ഥ ഉടമിയില്ലാത്ത ആളുടെ കയ്യിൽ നിന്നും രേഖയില്ലാതെ കുറെ വാങ്ങി ഒരാൾ കൃഷി ചെയ്യുന്നു. വേറൊരാളും ആ സ്ഥലം യഥാർത്ഥ ഉടമിയിൽനിന്നു കുറെ വാങ്ങിയിട്ടുള്ളതായി രേഖ കാണിക്കുന്നു. ഇതിൽ ആർക്കാണ് അവകാശം കൊടുക്കേണ്ടതു്?

മീ: സ്പീക്കർ ഒരു ചോദ്യം ചോദിച്ചിട്ട് അതിനു വ്യാഖ്യാനത്തിനായിട്ടു സമയം എടുത്താൽ മുന്നോട്ടെങ്ങനെയാണ് പോകുന്നതു്. ഇങ്ങനെ വിശദീകരണത്തിനു സമയമനുവദിക്കാൻ തരമില്ല.

ശ്രീ. സി. എച്ച്. കണാരൻ: ഏതായാലും അതുവരെ കൈവശം വച്ച ആളിനു രേഖാപ്രകാരം അപ്പോൾതന്നെ അവകാശം കൊടുക്കുകയും ചെയ്യേണ്ടതാണ്. അഞ്ചുകൊല്ലം, പത്തുകൊല്ലം കൈവശംവച്ചു കൃഷിനടത്തിക്കൊണ്ടിരിക്കുവെ, അതുകഴിഞ്ഞു് എനിക്കു് ഒരു രേഖയുണ്ടെന്നുപറഞ്ഞു് വരും. അതിനുദാഹരണങ്ങളും വേണമെങ്കിൽ പറയാം. അതു പതിവു് ഇപ്പോഴും ഉണ്ടു്.

ശ്രീ. കെ. ബാർഗ്ഗവൻ: ശ്രീ. കുറുപ്പിൻറെ (207–ാംനമ്പർ) ഭേദഗതി അംഗീകരിച്ചാൽ ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് മലബാറിനുവേണ്ടി മറ്റൊരു പ്രത്യേക ബിൽ അതിനുവേണ്ടി കൊണ്ടുവരുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ്. ഈ ഭേദഗതികൊണ്ട് പ്രയോജനം സിദ്ധിക്കുന്ന ആളുകൾക്കു മാത്രം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. കണാരൻ : ഏതായാലും ഈ അവസരത്തിൽ അതു് അവശ്യമില്ല. കാർഷികബിൽ ഇപ്പോൾ ഇവിടെ പരിഗണിക്കുന്നു. ഈ ബില്ലിന്റെ കൂടെകൊണ്ടുവരാൻ സാധിക്കുമെങ്കിൽ കൊണ്ടുവരണം.

Mr. Speaker : Did the hon. Member take Mr. Bhargavan's question seriously ? I am surprised.

ശ്രീ. സി. എച്ച്. കണാരൻ : ഏതായാലും കയ്യേറ്റങ്ങൾ തടയാൻ വേണ്ടി ന്യായമായിട്ടുള്ള അവകാശങ്ങൾതന്നെ തടയപ്പെടുന്നുണ്ടു്. ഈ കാര്യങ്ങൾ എല്ലാം ബഹുമാനപ്പെട്ട മിനിസ്റ്റർതന്നെ വളരെ ഗൗരവമായി ആലോചിച്ചുകൊണ്ടു് നിയമത്തിൽ ഭേദഗതി വരുത്തണം.

ശ്രീ. പൊന്നറ ജി. ശ്രീധർ : ശ്രീമാൻ കുറുപ്പുകൊണ്ടുവന്ന അമെൻഡ്മെൻറിനെ സപ്പോർട്ടു് ചെയ്യുകയാണോ.

Mr. Speaker : He was opposing Mr. Kurup's amendment. He said that.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : സർ, എന്റെ പാർട്ടിയുടെ ഉപനേതാവു കൊണ്ടുവന്ന (207 –ാംനമ്പർ) ഭേദഗതിയോടു പൂർണ്ണമായി ഞാൻ യോജിക്കുകയാണു്. ഈ ബിൽ നടപ്പിലാക്കുന്നതിന്റെ ഉദ്ദേശം അനുഷ്ഠാനിക്കുന്ന കർഷകനു അവന്റെ മൗലികാവകാശങ്ങളിൽ പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം എന്നുള്ളതാണെന്നു ഈ ബിൽ ആസൂത്രണം ചെയ്തകാലത്തു ഇന്നത്തെഭരണകക്ഷി പ്രഖ്യാപിച്ചുകേട്ടിട്ടുണ്ടു്. ശരിയായാലും, തെറ്റായാലും ഉത്തമവിശ്വാസത്തോടുകൂടി കുറെക്കാലം വസ്തുകൈവശം വച്ചു കൃഷിചെയ്തുവരുന്ന ആർക്കും പൂർണ്ണമായ ഉറപ്പു് അംഗീകരിക്കപ്പെടണമെങ്കിൽ ശ്രീമാൻ നാരായണക്കുറുപ്പിന്റെ ഭേദഗതിക്കൂടി ഇതിൽ ഉൾപ്പെടുത്തണം. തീച്ചയായും മലബാർകാരോടു ഒരു പക്ഷപാതമുണ്ടെന്നു ഇവിടെ നടന്ന പ്രസ്താവനകളും കേട്ടപ്പോൾ എനിക്കു തോന്നി. ശ്രീമാൻ കണാരൻ ഇവിടെ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട ഒരാൾതന്നെ മലബാറിനു വേറെ ഒരു നിയമം കൊണ്ടുവന്നുകൂടെ എന്നു ചോദിക്കുകയുണ്ടായി. ശ്രീമാൻ ഭാർഗ്ഗവൻ പുഷ്പരസം ധ്വനിപ്പിക്കുന്നരീതിയിൽ ചോദിച്ചതിനെപ്പറ്റി കൂടുതലായി ഒന്നും പറയാനില്ല. മലബാറിന്റെ അവസ്ഥ അതായിരിക്കാം. പക്ഷേ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന മലബാറിനോടുള്ള ഒരു വ്യതിരിക്തമനോഭാവം ഉടനീളം കണ്ടുവരുന്നതു വളരെ കഷ്ടമാണു്, വളരെ വേദനാജനകമാണു് എന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ. മലബാറിന്റെ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം നിയമത്തിൽ ചില ഉപാധികൾ അംഗീകരിച്ചിട്ടുണ്ടു്. ഒരുദാഹരണം ഞാൻ ഈ സഭയെ മനസിലാക്കാൻ വേണ്ടി പറയാം. അവിടെ ഇടക്കുടിയാൻ അല്ലെങ്കിൽ നടുക്കുടിയാൻ എന്നവരുടെ അവകാശങ്ങൾനിഷേധിക്കപ്പെട്ടിരിക്കയാണു്. കുടിഒഴിപ്പിക്കൽനിയമം ഇവിടെ അവതരിപ്പിച്ചപ്പോൾ അതു വസ്തുത സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അന്നു് ആ ഉപാധികൾ ഈ സഭയുടെ മുമ്പാകെവക്കാൻ സാധിച്ചില്ല. ഗവണ്മെൻറ പക്ഷത്തുള്ള ചിലർക്കു ചില ആനുകൂല്യങ്ങൾ ലഭിക്കുവാൻ വേണ്ടി ഇടക്കുടിയാന്മാരുടെ അവകാശങ്ങൾ നശിപ്പിക്കുന്നതിനുവേണ്ടി ചെയ്തിട്ടുള്ളതാണു്, എന്നു കാണാൻ കഴിയും. അവർ ഈ സാധുകുടിയാന്മാരുടെ അവകാശങ്ങൾ പിടിച്ചെടുക്കാൻ ശ്രമിച്ചിട്ടുണ്ടു്. പിടിച്ചെടുത്തിട്ടുണ്ടു്. അതുകൊണ്ടാണു്, ശ്രീമാൻ ചന്ദ്രശേഖരൻ അക്കാര്യത്തിൽ സ്ഥിരമായ ഒരു നയം ഗവണ്മെൻറ സ്വീകരിക്കണം എന്നുള്ള ഒരു മനോഭാവം പ്രകടിപ്പിച്ചതു്. അതു വലിയ പ്രവർത്തനങ്ങളുണ്ടായിട്ടുണ്ടു്. ഇന്നു ഭരണകക്ഷിതന്നെ കയ്യേറ്റങ്ങൾ പ്രോൽസാഹിപ്പിക്കുന്നുണ്ടു്. കയ്യേറ്റങ്ങൾ പ്രോൽസാഹിപ്പിച്ച രംഗത്തേക്കു് ഞാൻ കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : ഈ ഓടച്ചാർത്തുകാരനും, വാരക്കാരനും, പുനംകൃഷിക്കാരനും എല്ലാം സ്ഥിരാവകാശം കൊടുക്കേണ്ടിവരികയില്ലേ ഈ ഭേദഗതിയെ അനുകൂലിക്കുമ്പോൾ. ഒരു സംശയം തോന്നുന്നു. അതുകൊണ്ടു ചോദിക്കുകയാണു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : എന്നെ സംബന്ധിച്ചിടത്തോളം ഞാനുദ്ദേശിക്കുന്നതു് കുടിഒഴിപ്പിക്കൽ നിയമം അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയോടു് അതൊഴിവാക്കാൻ സാധിക്കുമോ എന്നു ചോദിച്ചിട്ടുള്ളതാണു്. ഈ അമെൻറുമെൻറില്ലാതെ എടുത്തുനോക്കിയാലും മി. ഇ. പി. ഗോപാലൻ എന്നോടു ചോദിച്ച ചോദ്യത്തിനുള്ള മറുപടി അങ്ങയ്ക്കുകിട്ടും. ഈ സ്ഥിരാവകാശം ഞാൻ അനുശം അനുകൂലിച്ചിട്ടില്ലെന്നു. ഇന്നും അനുകൂലിക്കുന്നു. ഞാൻ കയ്യൂരത്തെ പ്രോൽസാഹിപ്പിക്കയില്ല. ഞാൻ എപ്പോഴും പാർട്ടി ഉദ്ദേശിക്കുന്ന അഭിപ്രായം ശരിവയ്ക്കുകയാണു്. എന്തുകൊണ്ടു് അതു് നിർബ്ബന്ധപൂർവ്വം ഇതിൽ ഉൾപ്പെടുത്തിക്കൂടാ. വേണമെങ്കിൽ 11-4-57 എന്നോ അതിനു മുമ്പുള്ള ഏതെങ്കിലും നിശ്ചയിക്കപ്പെടുന്നതിയതിവച്ചുകൊണ്ടോ അതു ഈ നിയമത്തിൽ ഉൾപ്പെടുത്തിക്കണം. ശ്രീമാൻ കണാരന്റെ അഭിപ്രായം സഭാകരിക്കാൻ പാടില്ല. ഈ ഉടമ സംപ്രദായത്തിൽ ഒരു വ്യക്തത തിരുവിതാംകൂറിലും കൊച്ചിയിലുമുണ്ടു്. എന്നാൽ മലബാറിനെസംബന്ധിച്ചിടത്തോളം ചില വിഷമങ്ങളുണ്ടാകാം. അതുകൊണ്ടു് ഒരു പരിരക്ഷാമനോഭാവം അവരെ സംബന്ധിച്ചിടത്തോളം ഉണ്ടാകേണ്ടതാണു്.

ശ്രീമതി. കെ. ആർ. ഗൗരി : മണ്ണിൽ അദ്ധ്വാനിക്കുന്ന എല്ലാവർക്കും സ്ഥിരാവകാശം കൊടുക്കുകയാണെങ്കിൽ നാം ഇപ്പോൾ ഇവിടെ ചേർത്തിരിക്കുന്ന ഓടച്ചാർത്തുകാരെല്ലാം ഒഴിവാക്കപ്പെടുകയില്ല.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : പോകാൻ ഇടയില്ല. ഓടച്ചാർത്തുകാരൻ ഭൂമി അദ്ധ്വാനിക്കുന്നവനാണെങ്കിൽ സ്ഥിരാവകാശം കൊടുക്കുന്നതിൽ തെറ്റില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഗ്രഡ്ഫെയിത്തു എന്നു വച്ചാൽ എന്താണു്?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : ഓടച്ചാർത്തു എന്താണെന്നു ഡെഫനിഷൻ ഉണ്ടായിട്ടുണ്ടു്. ഓടച്ചാർത്തുകാരന്റെ കീഴിലായാലും കൈവശാവകാശം അനുഭവിച്ചുകൊണ്ടു് വസ്തുവിൽ പൂർണ്ണവിശ്വാസത്തോടുകൂടി അദ്ധ്വാനിക്കുന്നവനു് അധികാരമുള്ളതാണു് എന്നു വച്ചു് അതു വിശ്വാസത്തോടുകൂടി കുറച്ചുഭാഗം കൃഷിചെയ്തു അദ്ധ്വാനിച്ചു കൈവശം വയ്ക്കും. എന്നാൽ ഓടച്ചാർത്തുകാരൻ അങ്ങനെ ചെയ്യാതിരിക്കുകയാണെങ്കിൽ അവനു് സ്ഥിരാവകാശം കൊടുക്കുന്നതിനു ഞാനെതിരാണു്. ഓടച്ചാർത്തുകാരൻ എന്നു പറയുന്നതു ഒരു ലൈസൻസ്ഹോൾഡറാണു്. അവന്റെ കൈവശാവകാശം തീർച്ചയായും നിഷേധാർഹമാണു്.

ശ്രീമതി. കെ. ആർ. ഗൗരി : നിങ്ങളുടെ ഓടവെട്ടാനെ പറഞ്ഞിട്ടുള്ളൂ. സ്ഥലം ഞാൻതന്നെ കൈവശം വച്ചുകൊള്ളാം എന്നു പറഞ്ഞാൽ അതിനു ഡെഫനിഷൻ വേറെയുണ്ടു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : ഒരുദാഹരണം ഞാൻ സൂചിപ്പിക്കാം. ഓർഗ്വനെപ്പോലെയുള്ളവർ ശ്രമിക്കുമെന്നുവിശ്വസിക്കുന്നു. ചില ഗൗരവമില്ലാത്തകുടിയാന്മാരിൽ നിന്നും ജന്മി ഒരു വസ്തു ഒഴിപ്പിച്ചെടുത്തു എന്നു വിചാരിക്കുക. ഒഴിപ്പിച്ചെടുത്തകാലം തൊട്ടു് അതുകാലുതോടുക്കു ചാർത്താൻ പാടില്ലാ എന്നു മലബാർ ടെനൻസി ആക്ടിൽ വ്യവസ്ഥയുണ്ടു് ആ ജന്മി മറ്റൊരു കുടിയാനെ സ്ഥീകരിക്കുകയാണെങ്കിൽ ആ കരാറിന്റെ അടിസ്ഥാനത്തിൽ നാമിന്നുകൂട്ടായി വർഷാന്തം കൃഷിചെയ്യുകയാണു്. നിങ്ങളുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ചെലവെല്ലാം ചെയ്യണം എന്നിക്കിതു പറഞ്ഞു കിട്ടണം എന്നു വ്യവസ്ഥ ചെയ്താൽ ഇന്നത്തെ ടെനൻസി ആക്ട് പ്രകാരം കൈവശമില്ല. എന്നിട്ട് കുടിയാൻ വസ്തു കൈവശക്കാരനായി വച്ചു കൃഷിചെയ്തുവരികയാണു്. അങ്ങനെയുള്ളവർക്കു ശ്രീമാൻ നാരായണക്കുറുപ്പിന്റെ ഭേദഗതി ഇതു നിയമത്തിൽ ഉൾപ്പെടുത്തിച്ചാലെ മതിയാകൂ വസ്തുകൈവശക്കാരനു സ്ഥിരാവകാശം കിട്ടുമെങ്കിൽ.

ശ്രീ. കെ. ഭാർഗ്ഗവൻ : പുതുതായി ഭേദഗതി നിർദ്ദേശിക്കുന്ന രീതിയിലല്ല ഞാൻ പറഞ്ഞതു്. അങ്ങനെ ഒരു പ്രൊവിഷൻ ആവശ്യമാണെന്നു മറുഭാഗത്തുനിന്നും ഈ ഭാഗത്തു പലയിടത്തുനിന്നും അഭിപ്രായപ്പെട്ടതു കൊണ്ടു് ഞാൻ പ്രതിപക്ഷമുണ്ടാകുമെന്നു കരുതി വേറെ ഒരു ബില്ലുകൊണ്ടുവരുന്നതിനെപ്പറ്റി അഭിപ്രായം ആരാഞ്ഞതാണു്. എവിക്ഷൻ ആക്ടു വരുന്നതിനു മുമ്പു എന്നു പറഞ്ഞതു് വെറും ഓറൽ എവിഡൻസ് എന്നുള്ള അടിസ്ഥാനത്തിലാണു്. ഇവിടത്തെ പാവപ്പെട്ടവർക്കു അവർ അധിവസിക്കുന്ന ഭൂമിയിൽ അവകാശം കിട്ടുകയും അതേസമയത്തു കുഴപ്പമുണ്ടാകാതേയും ഇരിക്കത്തക്കവണ്ണം ഒരു ഭേദഗതി അവതരിപ്പിക്കാൻ പറഞ്ഞു എന്നേയുള്ളൂ. അതിൽ ഇത്ര വലിയ ധാർമ്മിക രോഷം ഒന്നും ഉണ്ടാകേണ്ട ആവശ്യമില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ : സർ, ശ്രീ. നാരായണക്കുറുപ്പു് ഇവിടെ ഒരു ഭേദഗതി അവതരിപ്പിച്ചു. അതിനെ അനുകൂലിച്ചുകൊണ്ടു് കേരളത്തിലെ ഒരു വിഭാഗം ആളുകൾ സംസാരിച്ചു; മറ്റൊരു വിഭാഗം ആളുകൾ അതുകൊണ്ടു പല ദോഷവും സംഭവിക്കാൻ സാദ്ധ്യതയുണ്ടെന്നു പറഞ്ഞു് അതിനെ എതിർക്കുകയും ചെയ്തു. ഈ ഭേദഗതി സ്വീകരിച്ചാൽ വലിയ കുഴപ്പമാണെന്നും, ചിലരുടെ പ്രത്യേക താൽപര്യത്തിനു എന്തോ തകരാറു സംഭവിക്കുമെന്നും മറ്റുമാണു് ഇതിനെ എതിർത്തവർ പറഞ്ഞതു്. ഇതു കേട്ടിട്ടു് തീരെ നിവൃത്തിയില്ലാത്തനിലയിലാണു് ഞാൻ ഇവിടെ എഴുന്നേറ്റു നിൽക്കുന്നതു്. ശ്രീ. ചന്ദ്രശേഖരൻ നായർ പറയുന്നതു്, ഈ ഭേദഗതി സ്വീകരിച്ചാൽ തിരുവിതാംകൂർ വിഭാഗത്തുള്ളവർക്കു കുഴപ്പം ഉണ്ടാകുമെന്നാണു്. ഇതൊക്കെ കേൾക്കുമ്പോൾ അത്ഭുതംതന്നെ ഉണ്ടായിപ്പോകുന്നു. ഏതോ പ്രത്യേക താൽപര്യം കൊണ്ടു് അങ്ങനെ പറയുന്നതായിരിക്കുമെന്നല്ലാതെ ഈ നാട്ടിലെ ആളുകളെയും ഭൂമിയുടെസ്വഭാവത്തെയും പറ്റി മറ്റുള്ളവർക്കും കുറെയൊക്കെ ബോധമുണ്ടെന്നു മനസിലാക്കാതെ ഇങ്ങനെയുള്ള അഭിപ്രായങ്ങൾ തട്ടിവിടുന്നതു ശരിയല്ല. സെലക്ടു കമ്മിറ്റിയിൽ പോയി, അവിടെ ഈ ബില്ലിനെപ്പറ്റി വളരെ കാര്യമായ ചർച്ചകൾ നടത്തി റിപ്പോർട്ടു വന്നിട്ടുള്ളതാണു്. ഇപ്പോഴാകട്ടെ, സെലക്ടു കമ്മിറ്റിയിൽ അംഗങ്ങളായിരുന്നവർ തന്നെ ഭേദഗതികളുമായിട്ടു പ്രത്യക്ഷപ്പെടുകയാണു്. ദിവസവും ഓരോ ഭേദഗതികൾ: കാരണമെന്താണെന്നു ചോദിച്ചാൽ, ഇതു് ഇങ്ങനെ പാസായാൽ, ഓരോ മെമ്പറിന്റെയും സ്വന്തക്കാർക്കും, ബന്ധുക്കൾക്കും ചില കുഴപ്പങ്ങൾ നേരിട്ടും; ചില പ്രത്യേക താൽപര്യങ്ങൾ പരിരക്ഷിക്കാൻ സാധിക്കുകയില്ല; ആ താൽപര്യങ്ങൾക്കു ഹാനികരമായിരിക്കുമെന്നുകരുതിയിട്ടാണു് ഇപ്പോൾ രണകക്ഷിയിൽ നിന്നു തന്നെ ധാരാളം ഭേദഗതികൾ കൊണ്ടുവരുന്നതു്.

Mr. Speaker: I was just reminding the Member about the ruling which I gave on ever so many previous occasions. Of-course, you may talk about the merits or demerits of the amendment, but please do not impute motives against any individual member or party. To say that there is a motive behind the attitude taken by a particular side of the House, is a kind of allegation or imputation, which should not be resorted to by the hon. Members. Here the hon. Member, again resorting to that kind of an allegation and imputation, is a thing which has surprised me.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പൊന്നറ ജി. ശ്രീധർ : സർ, ഞാൻ അതിനെപ്പറ്റി കൂടുതൽ ഒന്നും പറയുന്നില്ല. ഇവിടെ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളും എത്ര ചോദിച്ചാലും അതിനൊന്നും ഗവണ്മെൻറിന്റെ കൈവശം കണിക്കില്ല. ഇങ്ങനെയൊരു ഭേദഗതികൊണ്ടു വരുമ്പോൾ അതുമൂലം എത്ര കുടിയായ്മയ്ക്കു ദോഷം നേരിടാം ; അല്ലെങ്കിൽ ഗുണം ഉണ്ടാകും എന്നു ചോദിച്ചാൽ ഗവണ്മെൻറിനു് അതിൽ നിശ്ചയമില്ല. ഈ നാട്ടിലെ കാര്യം പറയുകയാണെങ്കിൽ ഇങ്ങനെയൊരു ഭേദഗതിയുടെ ആവശ്യമുണ്ടു്. ഇതു സഭീകരിക്കാത്തപക്ഷം ഈ നാട്ടിൽ കുഴപ്പം ഉണ്ടാകുകയും ചെയ്യും. ശ്രീ. ചന്ദ്രശേഖരൻനായർ പറയുന്നതുപോലെ ഈ നാട്ടിലെ കാര്യങ്ങൾ കുറെയൊക്കെ മറ്റുള്ളവരും അറിഞ്ഞിട്ടുള്ളതാണെന്നകാര്യം വിസ്മരിക്കരുതു്. കുഴഞ്ഞ പ്രശ്നം ഇരുപത്തഞ്ചുകൊല്ലക്കാലമായി ഇവിടത്തെ കാര്യങ്ങൾ എനിക്കു നല്ലതുപോലെ അറിയാം. ഇവിടത്തെ വസ്തുക്കളുടെ പ്രത്യേകതയും അതിന്റെ കുടിയായ്മ സ്വഭാവവും, കൈവശത്തിന്റെ ചരിത്രങ്ങളും എല്ലാം ഞാൻ മനസിലാക്കിയിട്ടുണ്ടു്. പാട്ടംകൊടുക്കാതെയും അക്രമത്തിൽ കുടിയും കൈവശപ്പെടുത്തിയിട്ടുള്ള ഭൂമിയുണ്ടു്. വളരെയധികം ആളുകൾ പലതരത്തിൽ അക്രമപരമായി വസ്തുക്കൾ കൈവശംവച്ചനുഭവിക്കുന്നുണ്ടു്. ശ്രീ. കറപ്പകൊണ്ടുവന്ന ഭേദഗതിയിൽ പറയുന്നതുപോലെ ഒരു വസ്തു തന്റെതാണെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടി കൈവശംവച്ചിരിക്കുന്നവരെസംബന്ധിച്ചിടത്തോളം പ്രത്യേകം വ്യവസ്ഥചെയ്യുന്നതു് ഈ നിയമത്തിന്റെ സച്ചുതയ്ക്കു് നല്ലതാണു്. അല്ലെങ്കിൽ ഉടമസ്ഥൻ ആരാണെന്നുപോലും നിശ്ചയമില്ലാതെ വളരെക്കാലമായി കൈവശമിരിക്കുന്ന എന്ന കാരണം കൊണ്ടുമാത്രം പലർക്കും അനർഹമായി ഭൂമിയിൽ അവകാശം ലഭിക്കുന്നതിനു സഹായിക്കുന്ന ഒരു നിയമമായിരിക്കും ഇതു്. മുൻകാലത്തെ വസ്തു സമ്പ്രദായത്തെ സ്വഭാവം നമുക്കെല്ലാം അറിയാം. ഇന്ന റോഡിനും വടക്കു്, ഇന്ന തോടിനും തെക്കു് എന്നിങ്ങനെ ചില എഴുത്തുകുറിപ്പുകൾ റിക്കാർഡുകളും ഉണ്ടാക്കിയിട്ടുള്ള പ്രമാണങ്ങളും പരിശോധിച്ചാൽ അതിവിവരം അറിയാം. അതിൽ നിന്നും പലപല മാറ്റങ്ങളും ഇന്നുണ്ടായിട്ടുണ്ടു്. വളരെക്കാലംകൊണ്ടു് വസ്തു അനുഭവിക്കുന്നവെന്ന കാരണംപറഞ്ഞു്, അധ്വാനിക്കുന്നു എന്നകാരണം പറഞ്ഞു്, ഞാൻ മേഘണ്ഡിച്ചതാണു്, എന്റെ കൈവശത്തിലുള്ളതാണു്, എന്നിങ്ങനെ അവകാശവാദം ഉന്നയിച്ചു് വസ്തു സ്വന്തമാക്കാൻ ശ്രമിക്കുന്നതും അതിനു സഹായകമായ നിയമം ഉണ്ടാക്കുന്നതും ശരിയല്ല. അളുകൾ അക്രമമായിട്ടു്, ബലാൽക്കാരമായിട്ടു് വസ്തുക്കൾ കൈവശപ്പെടുത്തിയിട്ടുണ്ടായിരിക്കും, അവക്കും നാം ഗുണം ചെയ്യുകയായിരിക്കും ഇതിൻഫലം. ഈ നിയമം ഉണ്ടാക്കുന്നതിന്റെ ഉദ്ദേശം എന്താണെന്നു ചിന്തിക്കണം. ഭൂമിയിൽ വേല ചെയ്യുന്നവർക്കുതന്നെ ഭൂമിയുടെ ഉടമാവകാശം നൽകണമെന്നുള്ളതാണല്ലോ ഇതിന്റെ ഉദ്ദേശം. മി. കറപ്പിന്റെ ഭേദഗതിയുടെയും ഉദ്ദേശം അതുതന്നെയാണു്. ഇതുകൊണ്ടു കുടിയായ്മയ്ക്കു് കൂടുതൽ അളുകൾക്കും ഗുണംലഭിക്കുമാണു് സാധ്യതയുള്ളതു്. ഭേദഗതികളെ എതിർക്കുകയും അനുകൂലിക്കുകയും ചെയ്യുന്നതു് ഓരോരുത്തരുടെ അവശ്യമാണു്. എന്നാൽ അതിൽ യുക്തമെന്നു കാണുന്നതു് സഭീകരിക്കേണ്ടതു നിയമത്തിന്റെ ഉറപ്പിനും നിലനിപ്പിനും അവശ്യമാണു്. ഇതു സഭീകരിക്കുന്നതുകൊണ്ടു് ഒരു കുഴപ്പവും വരാനില്ല. ഈ നാട്ടിലെ യാഥാർത്ഥ്യങ്ങളും നല്ലവണ്ണം മനസിലാക്കിയിട്ടാണു് ഞങ്ങളും ഇതു പറയുന്നതു്. കർഷകർക്കു് ഉപകാരപ്രദമായിത്തീരണം ഈ നിയമം എന്ന ഉദ്ദേശമേ ഞങ്ങൾക്കും ഉള്ളു. ഓടച്ചാത്തിനെപ്പറ്റിയും മറ്റും ഇവിടെ ചില പരാമർശങ്ങൾകേട്ടു. അതെല്ലാം കേട്ടപ്പോൾ ചില പ്രത്യേക താൽപര്യങ്ങൾ വച്ചുകൊണ്ടു് ഓരോരുത്തരും സംസാരിക്കുന്നതായി തോന്നി. ഓടച്ചാർത്തായാലും മറ്റുതരം ഭൂമിയായാലും ഉത്തമവിശ്വാസത്തോടുകൂടി കൃഷിചെയ്യുന്ന കുടിയാന്മാർക്കു് ശ്രീ. കറപ്പിന്റെ ഭേദഗതിമൂലം യാതൊരു ദോഷവും വരാൻ പോകുന്നില്ല. ഭൂമിയിൽ അധ്വാനിച്ചു വേലചെയ്തിട്ടുള്ളവർക്കു് അതു് ഉത്തമവിശ്വാസത്തോടുകൂടി കൈവശംവച്ചിരുന്നവർക്കു് ആവശ്യമായ ആനുകൂല്യം ഈ ഭേദഗതികൊണ്ടുണ്ടാകുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജഗോപാലൻ നായർ : ഭേഗതിക്കും മറുപടി കാമ്പൻ സേഷൻ കൊടുക്കുമല്ലോ ?

ശ്രീ. പൊന്നറ ജി. ശ്രീധർ : അങ്ങനെ പലതും കിട്ടും ; അതല്ല പ്രശ്നം. ഭേഗതിയോടുകൂടി വസ്തു പിടിച്ചെടുത്തിട്ട്, എന്തെങ്കിലും കാമ്പൻസേഷൻകൊടുത്തു വസ്തുവിൽനിന്നും ഇറങ്ങിപോകാൻ പറയുന്നതു ശരിയല്ല. അങ്ങനെയാണെങ്കിൽ ഈ നിയമത്തിന്റെ ആവശ്യംതന്നെ ഇല്ലായിരുന്നു. ഒരു വർഷത്തേക്കു കാലാവധി കൊടുത്തു ഇത്തരം വസ്തുക്കളും കൈമാറ്റം ചെയ്യുന്നതിനുംമറ്റും വ്യവസ്ഥചെയ്യുന്നതിനും അവസരം നൽകിയാൽകൊള്ളാമെന്ന അഭിപ്രായത്തോടു ഞാൻ യോജിക്കുകയാണു്. അല്ലാതെ വളരെക്കൊല്ലത്തെ അധ്വാനഫലമായി തെങ്ങിൻതൈകളും മറ്റും വച്ചുപിടിപ്പിച്ചു് അതിന്റെ ആദായം എടുക്കാൻ അവസരം ലഭിക്കാതെ ഇങ്ങനെ ഒരു നിയമത്തിന്റെ പേരിൽ അവർ ഇറങ്ങിപ്പോകേണ്ടിവരുന്നതു ഒട്ടും നീതിയല്ല. ഭൂമിയിൽ യഥാർത്ഥത്തിൽ ജോലി ചെയ്തിട്ടുള്ളവർക്കു് ഗുണം കിട്ടണം. അതിന്റെ അടിസ്ഥാനത്തിലാണു് ഈ ഭേഗതികൊണ്ടുവന്നിട്ടുള്ളതു്. വലിയ ജന്മികളുടെയുംമാറ്റം വസ്തു പലരുടെയും കൈവശം കാണും. അങ്ങനെയുള്ളവർക്കു് ഈ കാര്യത്തിൽ എതിർപ്പുകാണും.

ശ്രീ. കെ. പി. ആർ. ഗോപാലൻ : തിരുവിതാംകൂർ വിഭാഗത്തു് ഇങ്ങനെ ശരിയായ രേഖയില്ലാതെ, ഭൂമിയിൽ ഉത്തമവിശ്വാസത്തോടുകൂടി ജോലിചെയ്യുന്ന കുടുബക്കാർ എത്രവരുമെന്നു പറയാമോ ?

ശ്രീ. പൊന്നറ ജി. ശ്രീധർ : തിരുവിതാംകൂറിലെ മുഴുവൻ കണക്കു് എടുക്കുന്ന ജോലി എന്റെതല്ല ; ഞാൻ ആ ഭാഗത്തായിരുന്നെങ്കിൽ ഇങ്ങനെയുള്ള എല്ലാ കണക്കുകളും എടുത്തതിനുശേഷമേ ഈ വിധത്തിലുള്ള ഒരു നിയമം കൊണ്ടുവരാൻ ശ്രമിക്കുമായിരുന്നുള്ളു. എന്റെ നിയോജകമണ്ഡലമായ നെടുമങ്ങാട്ടു താലൂക്കിലാണെങ്കിൽ ഉദ്ദേശം മുന്നൂറോളം അളുകൾ കാണും. ഇതിനെ സംബന്ധിച്ച കേസുകൾതന്നെ നാന്നൂറോളം ഉള്ളതായി അറിയാം.

ശ്രീ. കെ. പി. ആർ. ഗോപാലൻ : ഈ ഭേദഗതി സ്വീകരിച്ചാൽ മേലാൽ കൂടിയായ്മസംബന്ധിച്ചു് ആരും കോടതിയിൽ പോകേണ്ടതായി വരികയില്ലേ ?

ശ്രീ. പൊന്നറ ജി. ശ്രീധർ : കോടതിയിൽ ആരും എപ്പോഴും പോകാം ; ഒരു നിയമം ഉണ്ടാക്കിയാൽ അതു് വ്യാഖ്യാനിക്കാനാണു് കോടതിയുള്ളതു്. നിയമത്തിൽ എഴുതിപിടിപ്പിക്കുന്നതിനെല്ലാം എത്രമാത്രം സാധുതയുണ്ടെന്നുംമറ്റും കോടതി നിശ്ചയിക്കും. അതിനെ നിവ്വചിക്കാനും, വ്യാഖ്യാനിക്കാനുംമറ്റും കോടതിക്കു് അധികാരമുണ്ടു്. കോടതിയിൽ പോകുന്നതിനെ തടയാൻ നിങ്ങൾ ആരും വിചാരിച്ചാൽ സാദ്ധ്യമല്ല ; സർ, ഈ ഭേദഗതി എല്ലാവരും സ്വീകരിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. രാജഗോപാലൻനായർ: സർ, ശ്രീ. എം. നാരായണക്കുറുപ്പിന്റെ 207-ാം നമ്പർ ഭേദഗതിയെ ഞാൻ എതിർക്കുകയാണു്. ആ ഭേദഗതിക്കെതിരായി, ഇവിടെ ഉന്നയിച്ച വാദഗതികളോടു ഞാൻ ശക്തിയായി യോജിക്കുകയും ചെയ്യുന്നു. കാരണം: ആ ഭേദഗതികൊണ്ടു് ഉദ്ദേശിക്കപ്പെടുന്നതു് ഒരു പക്ഷെ കർഷകർക്കു് ആനുകൂല്യം ചെയ്യണമെന്നാണെങ്കിൽപോലും സംഭവിക്കുന്നതു് മറിച്ചായിരിക്കും. അതുകൊണ്ടാണു ഞാൻ ആ ഭേദഗതിയെ എതിർക്കുന്നതു്. എനിക്കു മുൻപു പ്രസംഗിച്ച പല സ്നേഹിതന്മാരും, ഇതിനെ അനുകൂലിച്ചുകൊണ്ടു പ്രസംഗിച്ച പല സ്നേഹിതന്മാരും പറഞ്ഞ മലബാറിലെ കർഷകരുടെ കാര്യം പ്രത്യേകം ഓർക്കേണ്ടതാണു്. ശ്രീ. സി. എച്ചു്. കണാരൻ പറഞ്ഞതുപോലെ, വസ്തു മലബാറിൽ, ഉടമസ്ഥൻ ആരാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. രാജഗോപാലൻ നായർ]

പോലും അറിയാതെ കൈവശംവച്ചു കൃഷിചെയ്യുന്നവർ ധാരാളമുണ്ട്. അവകാശികൾ തമ്മിൽ എന്തെങ്കിലും തർക്കം ഉണ്ടായിരിക്കുമ്പോൾ തന്നെ, അതിൽ ഒരാൾ, വസ്തു വാക്കാൽ ആരെങ്കിലും അടിയന്തിരമായി കൃഷിചെയ്യുന്നതിനു കൊടുക്കും. അയാളുടെ അവകാശം സ്ഥാപിക്കുന്നതാണ് അങ്ങനെ ചെയ്യുന്നതു്. കാലാന്തരത്തിൽ തർക്കം തീരുമാനിക്കപ്പെടുമ്പോൾ ഭൂമി മറ്റൊരാളിനു് അവകാശപ്പെട്ടതാണെന്നു വരാം. കർഷകർക്കു് സംരക്ഷണം നൽകണമെന്നാണു് ഹൈക്കോടതിയുടെ നിയമം ഉണ്ടാക്കുന്നതു നാം, ഇത്തരം വസ്തുക്കളുടെ കാര്യത്തിൽ എന്തു നയമാണു സ്വീകരിക്കേണ്ടതു് എന്നു് ചിന്തിക്കണം. ഈ കാര്യം ഗൗരവമായിട്ടു് ആലോചിക്കേണ്ടതാണു്. ശ്രീ. കൃഷ്ണപ്പിള്ള ഒരുദ്ദേശപ്രതിനിധിയായിട്ടാണു് ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. എന്നാൽ, ഈ സ്വീകരിച്ചാൽ വരുന്നതു്, കുടിയാനെ രക്ഷയിപ്പിക്കുമാത്രമല്ല; നാം സംരക്ഷിക്കണമെന്നു് ആഗ്രഹിക്കുന്നവർക്കും രക്ഷയിപ്പിക്കാതാകും. ഇതിനെ ആസന്ദർഭത്തിൽ പ്രസംഗിച്ച ശ്രീ. പൊന്നറ ശ്രീധർ പറഞ്ഞതു് വിപ്ലവം നടത്താൻ ഒരു കൊല്ലത്തെ സമയം അനുവദിക്കണമെന്നാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: എങ്ങനെയാണു് ഈ സ്വീകരിച്ചാൽ കൈവശം നഷ്ടപ്പെടുന്നതു്?

ശ്രീ. എൻ. രാജഗോപാലൻ നായർ: ഭൂമി ഉത്തമവിശ്വാസമായി കൈവശത്തിൽ ഇരിക്കുകയും, അതിനു പാട്ടമോ വാരമോ മറ്റൊരാൾക്കു കൊടുക്കുവാൻ തയ്യാറായിരിക്കയും ചെയ്യുന്ന ആളിനെയും കുടിയാനായി അംഗീകരിക്കണമെന്നാണു് ഭേദഗതിയുടെ അർത്ഥം. ആർക്കും അതുപോലെ വസ്തുവിലും കടന്നുകയറി ഈ അവകാശം ആവശ്യപ്പെടാം. എത്രത്തോളം സാക്ഷിയുടെ വരുത്തിതെളിവു കൊടുക്കേണ്ടി വരുമെന്നു ഉള്ളതു്.

ശ്രീ. കൃഷ്ണപ്പിള്ളയെ ഞാൻ ഓർമ്മിപ്പിക്കുവാൻ ശ്രമിക്കുന്നതു് കുടിയാന്റെ അവകാശം സംരക്ഷിക്കാൻ എന്ന ഉദ്ദേശത്തിൽ നാം ഈ ഭേദഗതി അംഗീകരിച്ചാൽ ബുദ്ധിമാനായ ജന്മിക്കു് നിയമത്തെ പരാജയപ്പെടുത്താൻ കഴിയും. കുടിയാന്റെ കൈവശമുള്ള ഭൂമി, ഒരു ജന്മി അയാളുടെ ചാർജുകാരനോ, ബന്ധുവിനോ ഒരു ഗ്ലോബാലോചന നടത്തി ബലാൽക്കാരേണ വസ്തുവിൽ പ്രവേശിക്കാൻ പ്രേരണ കൊടുത്താൽ എന്തായിരിക്കും ഫലം? ഉത്തമവിശ്വാസത്തോടുകൂടി കൈവശത്തിലിരുന്ന ഭൂമിയാണെന്നു പറഞ്ഞു് കുടിയാൻ കേസ്സു കൊടുത്താലും, ജന്മി അതു സമ്മതിക്കുന്നില്ല. താൻറെ ചാർച്ചക്കാരനായിരുന്ന അതിൽ യഥാർത്ഥത്തിൽ കൃഷി നടത്തിയിരുന്നതെന്നും, അതിന്റെ കൈവശക്കാരനെന്നും ജന്മി കോടതിയിൽ സമ്മതിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഇതനുസരിച്ചു് ഒരു കുടിയാന്റെ അവകാശവും ഒരു തരത്തിലും പൊയ്പോകണമെന്നില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ശ്രീ. കൃഷ്ണപ്പിള്ളയുടെ ആ ധാരണ തെറ്റാണു്. ടെനൻറു് ആരാണു്? കുടിക്കാർ, വെപ്പാട്ടക്കാർ, വാരക്കാർ എല്ലാം ടെനൻസ്സാണു്. ശ്രീ. കൃഷ്ണപ്പിള്ള ഒരു കുടിയാനാണെന്നു വിചാരിക്കുക; ശ്രീ. കൃഷ്ണപ്പിള്ളയുടെ കൈവശമുള്ള ഭൂമി, അതിന്റെ ജന്മിയും, ജന്മിയുടെ ഒരു ചാർച്ചക്കാരനായ ഞാനുംകൂടി ഗ്ലോബാലോചന നടത്തി ബലാൽ കയ്യേറാൻശ്രമിക്കുന്നു എന്നു കരുതുക. അങ്ങനെ ഭൂമിയിൽ പ്രവേശിച്ചു കൃഷി നടത്തുകയാണു്. ശ്രീ. കൃഷ്ണപ്പിള്ള കൈവശം സ്ഥാപിക്കാൻ കേസ്സുകൊടുക്കുന്നു; പക്ഷെ, ജന്മി ശ്രീ. കൃഷ്ണപ്പിള്ളയുടെ കുടിയാനായി അംഗീകരിക്കുന്നില്ല; നേരെ മറിച്ചു് ഞാനാണു് ആ വസ്തുവിലെ ഉത്തമവിശ്വാസത്തോടുകൂടിയ കൃഷിക്കാരൻ എന്നു സമ്മതിക്കുകയും ചെയ്യുകയാണു്. എന്തായിരിക്കും ശ്രീ. കൃഷ്ണപ്പിള്ളയുടെ ഭൂമിയുടെ സ്ഥിതി? കൈവശത്തെപ്പറ്റിയുള്ള തർക്കത്തിന്റെ ഗതിയെന്തായിരിക്കും?

ശ്രീ. കെ. ചന്ദ്രശേഖരൻ: മി. കൃഷ്ണപ്പിള്ളയുടെ കൈവശമുള്ള ഭൂമി എങ്ങനെയാണു് വീട്ടുപോകുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജഗോപാലൻ നായർ: നാട്ടിൽ മുഷ്കരന്മാരായ ആളുകളും ഉണ്ട്. ഭൂമി കയ്യേറി സ്വന്തമാക്കാൻ മടിയില്ലാത്തവർ. അവർ വിചാരിച്ചാൽ ഒരു കൈവശം മാറാൻ പ്രയാസമുണ്ടാകുകയില്ല.

ശ്രീ. പി. രാമുണ്ണിക്കറുപ്പ്: ഈ ഭേദഗതി അംഗീകരിച്ചില്ലെങ്കിലും അങ്ങനെയുള്ള സംഭവം ഉണ്ടാകാമല്ലോ?

ശ്രീ. എൻ. രാജഗോപാലൻ നായർ: വസ്തുവിൽ ചിലർ ബലാൽ കയ്യേറി കൈവശപ്പെടുത്തുന്നുവെന്ന ധാരാളം ആരോപണങ്ങളും ഉന്നയിക്കാറുണ്ട്. പ്രതിപക്ഷകക്ഷികളും, അതേ അവസരത്തിൽ ഒകെയേറാം ആരാണ് നടത്തിയിട്ടുള്ളതെന്നു നമുക്കറിയാം. അക്രമികൾക്കു സംരക്ഷണം നൽകാനുള്ള ഈ ഭേദഗതിയുടെ അർത്ഥമറിഞ്ഞാണോ? അക്രമിച്ച് കൈയ്യേറിയ ആളുകൾക്കു യാതൊരവകാശവും നൽകരുതെന്നാണ് എന്റെ പാർട്ടിയുടെയും എന്റെയും അഭിപ്രായം. അതുകൊണ്ടു ഈ ഭേദഗതി സ്വീകരിക്കുന്നതു കുടിയാനു ദോഷമാണ്. അതേ അവസരത്തിൽ ജന്മിക്കു അനുകൂലവുമാണ്. നാം സംരക്ഷണം നൽകണമെന്നുദ്ദേശിക്കുന്ന കുടിയാന്മാരുടെ അവകാശങ്ങളും ഇതുമൂലം നഷ്ടപ്പെട്ടും. ശ്രീ. കണാരൻ പറഞ്ഞതുപോലെ സ്വപ്നം ചെയ്യാത്ത ഭൂമി മലബാറിൽ ധാരാളമുണ്ടെന്നു മലബാർഭാഗത്തുനിന്നും വന്നവരിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന റോഡിന്റെ ഇപ്പുറത്തുള്ളതു എന്റെ ഭൂമിയാണെന്നു പറയുക, വേറൊരു ജന്മി എന്റെതാണെന്നു പറയുക, ഇങ്ങനെ ആരുടെയാണെന്നു വ്യക്തമായി അറിയാൻ നിവൃത്തിയില്ല. ഒരു സിവിൽ കേസ്സു നടന്നാൽ ഏഴും എട്ടും കൊല്ലം കഴിഞ്ഞു അവകാശത്തക്കം എടുത്തു എന്നു വരും. ഇന്നാരുടെ ആണെന്നു നിശ്ചയിക്കാത്തതുകൊണ്ടു ഒരു ക്രട്ടർ ചാർത്തുതന്നു എന്നു പറഞ്ഞു ഉത്തമവിശ്വാസത്തോടുകൂടി ഞാൻ കൃഷി ചെയ്യുകയാണെന്നു പറയും. അതേ അവസരത്തിൽ യഥാർത്ഥത്തിൽ മറ്റൊരാളായിരിക്കും ഉടമസ്ഥൻ. അങ്ങനെയുള്ള കുടിയാന്മാരെ നമുക്കു എങ്ങനെ സംരക്ഷിക്കാൻ കഴിയും. അതിനു ഈ ഭേദഗതി ഉപകരിക്കുകയില്ലെന്നു മാത്രമല്ല ഇതുമൂലം നമ്മുടെ രാജ്യത്തു കലാപവും കൊലയും എല്ലാം ഉണ്ടാകും. നമ്മുടെ രാജ്യം മുഷ്കരന്മാരുടെ പ്രവർത്തനരംഗമായി മാറാൻ ഇടയാകും. ആ ആപത്തിനു ഈ സഭ കൂട്ടുനിൽക്കരുതെന്നു വിനയപൂർവ്വം ഞാൻ അപേക്ഷിക്കുന്നു.

Shri K. Chandrasekharan: Just one word I may submit Sir, As far as the definition of a tenant is concerned it will not necessitate the proving of good faith of the class of tenants intended. There need not be any apprehension as expressed by the Minister in case this amendment is accepted. The word 'Odacharthdar' has been specifically defined. It is a cultivating Odacharthdar that has been given tenancy rights. It is only those class of tenants who have not been definitely or illustratively included in the other classes that will be included in this residuary portion as moved by Mr. Narayana Kurup. I have moved two amendments (Nos. 224 and 228). Amendment No. 224 is for the inclusion of the holder of a chalgeni lease in the illustrations. The Revenue Minister earlier stated that in this particular sub-clause it would be brought in. But I may state that the major class of tenants in the Kasargode and Hosdrug is of the chalgeni type. As I have stated it has been more or less in the nature of the varomdar's rights in those parts prior to the coming into force of the Malabar Tenancy Act and Kerala Act I of 1957. This was a very important form of tenancy. There are Chalgeni tenants who have been in possession for a large number of years and those who have been in possession since recent years. In any case it is a lease and not a mere licence.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ചാൽഗനി ഫീസ് വെറും പാട്ടമല്ലേ? ഓരോ കൊല്ലത്തെയ്ക്കുള്ള കൊടുക്കുന്നു ?

ശ്രീ. കെ. ചന്ദ്രശേഖരൻ : അല്ല, ഓരോ കൊല്ലത്തേയ്ക്കായിരുന്നു ആദ്യം കൊടുത്തിരുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സെക്ഷൻ 75 പ്രകാരം അങ്ങിനെ ഡിക്ലയർ ചെയ്താൽ മതിയാകുമോ ? വെറും പാട്ടമാരിൽ ഇതു പെടുമോ എന്നു ചോദിക്കുകയാണു ?

ശ്രീ. കെ. ചന്ദ്രശേഖരൻ : വെറും പാട്ടമായതുകൊണ്ടാണു ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവന്നതു. ഇപ്പോൾ വാദിക്കുന്നു. യുക്തിയായാലും ഇങ്ങനെയുള്ള ഒരു ഇമ്പ്രൂവ്മെന്റ് ചെയ്യുന്നതു നല്ലതാണു. അതല്ലാതെ വേറെ ടെനൻസിയില്ല. ചൈനീസ് ഒരു പ്രത്യേക ടെനന്റാണെന്നു കരുതുകയാണു. അവർ പാട്ടത്തിനെടുത്തു കൊല്ലത്തേയ്ക്കു കൊടുക്കുന്നതാണു. ചാൽഗനിക്കു നൈറ്റ് മാത്രമേ ഫീസ് ചെയ്തിട്ടുള്ളൂ. പിന്നെയും ഇടയുകയാണെങ്കിൽ അതു ശരിയല്ലെന്നു കൊടുക്കുകയും ചെയ്യും.

With reference to amendment No. 228, in regard to the first part of the amendment, "Melpattomdar" I press that amendment very seriously in view of the fact that there was a lot of the complication when we sought to include the definition of "Melpattomdar" in the Debt Relief Bill. I had suggested a definition for "Melpattomdar" there. The apprehension was raised by Mr. M. Narayana Kurup that the "Melpattomdar" should not have a tenancy right. The hon. Shri V. R. Krishna Iyer replying, stated that the application of the term "Melpattomdar" which was brought by him, was such that it would not give any right to a cultivating tenant or a protected tenant or any tenant with any sort of incidents. I submit that with a view to clarify things the term "Melpattomdar" be excluded from the definition of tenant.

Mr. Speaker : The definition was accepted in that Bill.

Shri K. Chandrasekharan : Yes, it was accepted. The Hon'ble Minister brought in a second amendment and several sections of this House expressed doubts.

Mr. Speaker : Your amendment is to include the definition of Melpattomdar here ?

Smt. K. R. Gouri: "Any transaction relating to the usufruct" is exempted in this Bill. Please see Chapter II—Clause 3 (x).

Shri K. Chandrasekharan : I know that. I also know that in Chapter II it is exempted. It is the word 'Melpattom' that is used in the Kerala Debt Relief Act. My humble suggestion is that in Chapter II or in this Chapter the term "Melpattom" may be defined.

The second part of my amendment is relating to a mere agent. It was a subject matter of a long discussion with reference to sub-clause 42. At that time the Minister stated that the matter may be held over for consideration with reference to sub-clause 47. Then, we withdrew our amendments. Sir,

LIBRARY ARCHIVES Kerala Legislative Assembly

may I state once again that a mere agent who has been asked to do the work only as an agent by a principal is not entitled to any tenancy right at all. It is not the desire of this House to give any fixity or even leasehold right to such a person except to the varomdars and to the licensees in Kuttanad taluk. We need not widen the scope of a licensee generally. It is only with that intention that I have suggested the latter part of my amendment.

ശ്രീമതി കെ. ആർ. ഗൗരി : മറ്റുള്ളവർ പ്രസംഗിക്കുന്നതിനു മുമ്പായി ശ്രീ. ഉമേശറാവു മുൽഗണിമാറിനെപ്പറ്റി സംസാരിച്ചാൽ കൊള്ളാമായിരുന്നു.

Shri M. Umesh Rao : 'Mulgeni' is a permanent lease which permits a small sum being paid to the landlord by the tenant. There is the Mulgeni enhancement Act providing the assessment of the property is to exceed the rent to be paid, then the lessee will be liable to pay enhanced rent. It is a permanent lease. The land owner has only the patta and he is not in possession of the property. It is the lessee that is in possession of the property for a long time.

Shri M. Narayana Kurup : In the Bombay Act, he is described as a land owner. Here it must come under 22 because it is an irredeemable tenure.

Smt. K. R. Gouri : But he must be given fixity. He should be given purchase right also.

Shri M. Narayana Kurup : Even otherwise his tenure is irredeemable. Therefore the landlord has no right of redemption at all. In the Bombay Tenancy Act it is described like that.

Shri K. R. Gouri : The information I got is this. Subject to the payment of rent, if he is not paying rent he is liable to eviction.

Shri M. Umesh Rao : There is only one condition, that the lessee should not alienate his property. It is supposed that the owner can get back the property. But there has been no instance of the land owner getting back the property.

Mr. Speaker : Is there any legal right for the land owner to resume the land ?

Shri M. Umesh Rao : No. It is not resumable for non-payment of rent.

Mr. Speaker : Order, order. The House will now adjourn and meet again at 8 a. m. the day after tomorrow.

The Assembly adjourned at 1 p. m. to meet again at 8 a. m. on Friday the 8th May 1959.

LIBRARY ARCHIVES Kerala Legislative Assembly